Vol. 17. No. 6.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

June 1919.

# വിഷയ വിവരണിക.


1. മംഗളഗാനം.
ശ്രീമാൻ കട്ടക്കയത്തിൽ തൊമ്മൻമാപ്പിള.
2. നി. വ. ദിവ്യശ്രീ കോട്ടയം വി. അ. മാർ അലക്സാണ്ടർ മെത്രാനച്ചൻ തിരുമനസ്സിലെ അനുമോദനക്കത്ത്.
3. ഈശോയുടെ തിരുഹൃദയാരാധന.
4. നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം.
5. വേദപ്രചാരണം.— ഏ. കെ.
6. റോമ്മാത്തിരുസിംഹാസനവും മാർപ്പാപ്പാമാരും.
റവ. ഫാദർ ജോസഫ് ചങ്ങംകൻ, പി. എച്ച്. ഡി, ഡി. ഡി.
7. ദേവമാതാവും കത്തോലിക്കാസഭയും.
റവ. ഫാദർ തോമസ് മൂത്തേലി.
8. സുവിശേഷവിഹിതോപദേശവും മനുഷ്യസ്വാതന്ത്ര്യവും.
റവ. ഫാദർ ജോസഫ് സി. പഞ്ഞിക്കാരൻ എം. ഏ.
9. വേദപുസ്തകപാരായണം.
റവ. ഫാദർ അലക്സാണ്ടർ സി. ഡി.
10. സൌഭാഗ്യപാഠ.
റവ. ഫാദർ ഡോമിനിക്ക് തോട്ടാശ്ശേരി, ബി. ഏ. (ഓണേഴ്സ്)
11. ഞങ്ങളുടെ കഥാപംക്തി.
ദിവ്യശ്രീ പാലാത്തു മത്തായിക്കത്തനാർ.
12. ചോദ്യോത്തരപ്പെട്ടി.
13. തിരുഹൃദയ പൊതുനിയോഗം.
14. പ്രസാധകക്കുറിപ്പുകളും വർത്തമാനങ്ങളും.
15. പഞ്ചാംഗം.

## മംഗളഗാനം.

(ഝംഝൂടി രൂപകം.)

(വല്ലഭമേൽ പൂർവ്വപുണ്യ— എന്ന മട്ട്.)

ഹേറോദേശിൻ വാളിന്നൂണാക്കാതെ ഈശോയെ
മാറോടുചേർത്തുരക്ഷിച്ച യൌസേപ്പേ സ്തുതി
ക്രൂരോട്ടമീപ്പാപിക്കായി പ്രാർത്ഥിച്ചീടണേ.
രാജരാജനാണുപുത്രൻ ഭാര്യ മുപ്പാരിൽ—
രാജസ്ത്രീയാണോർക്കിൽ നിൻെറ മഹിമ നിസ്തുല്യം. ഹേറോ.
രക്ഷകനും മാതാവിനുമന്നമാദിയാം—
രക്ഷനൽകാൻ ലഭിച്ച ഭാഗ്യമാണു വൻഭാഗ്യം. ഹേറോ.
മറിയമീശോയെ സ്നേഹിപ്പാൻ പഠിപ്പിച്ചിട്ടെൻെറ
ഏറിയ പാപങ്ങൾക്കെല്ലാം തരുവിക്കമാപ്പു. ഹേറോ.
തിന്മയിൽ ചായാതെ മൃത്യുവെത്തുംനാൾവരെ
നന്മയിൽനില്പാൻ സഹായംചെയ്തിടേണമേ. ഹേറോ.
തിരുക്കുടുംബപാലകാ നീയെൻകുടുംബത്തെ
കരുണയോടെ രക്ഷിക്കാപത്തൊക്കയിൽനിന്നും. ഹേറോ.
ഘോര വിപത്തേകാൻ വൈരിയാർത്തടുക്കുമെൻ
മരണനേരം തൃക്കുടുംബത്തോടെഴുന്നള്ളി. ഹോറോ.
കരുണയോടെൻ ശത്രുക്കളെ ദൂരത്തോടിച്ചു
തരുവിക്കണം നന്മരണമൊടുവിൽ മോക്ഷവും. ഹേറോ.

കട്ടക്കയത്തിൽ തൊമ്മൻ മാപ്പിള.

## അനുമോദനക്കത്ത്

കോട്ടയം വികാരി അപ്പസ്തോലിക്കാ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് സദയം ഞങ്ങൾക്കയച്ചുതന്ന ഒരു ഇംഗ്ലീഷ് കത്തിൻെറ തർജ്ജമ താഴെ ചേർക്കുന്നു:—

"............ 'കർമ്മെലകുസുമ'ത്തിൻെറ ഇപ്പോഴത്തെ ആകൃതിയും പ്രകൃതിയും നിശ്ചയമായിട്ട് ആകർഷണീയംതന്നെയാണ്. കേരളീയ കത്തോലിക്ക കുടുംബങ്ങളിൽ അദ്ധ്യാത്മപാരായണത്തിന് ഈ മാസിക വളരെ ഉപയോഗപ്പെടും. എല്ലാ കുടുംബങ്ങളും, മഠങ്ങളും, സ്കൂളുകളും ഈ മാസികയെ വരുത്തേണ്ടതാണെന്നു ഞാൻ ബലമായി ശുപാർശചെയ്യുന്നു. കുസുമഭാരവാഹികൾക്കും കുസുമത്തിനും എൻെറ ആശീർവ്വാദം നൽകുന്നു".

✠ അലക്സാണ്ടർ ചൂളപ്പറമ്പിൽ,

കോട്ടയം വികാരി അപ്പൊസ്തോലിക്ക.



"ഈശോയുടെ ഏത്രയും പരിശുദ്ധ ഹൃദയമേ! ഞങ്ങളുടെ
കുടുംബങ്ങളെ ആശീർവ്വദിക്കേണമേ."

൧൦൦ മി. ദ. വി.

കർമ്മലകുസുമം

പുസ്തകം ൧൦. ൧൯൧൯ ജൂൺ. ലക്കം ൬.

## ഈശോയുടെ തിരുഹൃദയാരാധന.

ഹൃദയമാണല്ലോ സ്നേഹത്തിന്റെ ഇരിപ്പിടം. "തിരുഹൃദയ"ത്തെ നാം വണങ്ങുമ്പോൾ, ഈശോയ്ക്കു നമ്മോടുള്ള സ്നേഹാധിക്യത്തെ നാം അനുസ്മരിക്കുകയും ഈശോയെ പൂർവ്വാധികം സ്നേഹിക്കുന്നതിനു പ്രേരിക്കപ്പെടുകയും ചെയ്യുന്നു. തിരുഹൃദയവണക്കം ഇപ്പോൾ കത്തോലിക്കാ ലോകമൊട്ടുക്കു വ്യാപിച്ചു്, തിരുസഭയിലെ ശക്തിമത്തായ ഭക്തിവിഷയമായി തീർന്നിരിക്കുന്നു. ഈ ഭക്തിയുടെ പ്രചാരത്തിനു ദൈവം വിനിയോഗിച്ച പ്രധാനായുധം ഫ്രാൻസുകാരിയായ ഒരു കന്യകയാണ്. നമ്മുടെ ദിവ്യരക്ഷകൻ, കുന്തത്താൽ പിളർക്കപ്പെട്ടതും മുൾമുടിയാൽ ആവൃതമായതും അഗ്നിജ്വാല പുറപ്പെട്ടുകൊണ്ടിരിക്കുന്നതുമായ ഹൃദയത്തോടുകൂടി ൧൬൭൫-ൽ മറിയം മർഗ്ഗരീത്താ എന്ന പുണ്യവതിക്കു പലപ്രാവശ്യം പ്രത്യക്ഷനായി. തന്റെ ഹൃദയത്തെ വണങ്ങുന്ന എല്ലാവരേയും താൻ പ്രത്യേകമായ വിധത്തിൽ അനുഗ്രഹിക്കുമെന്നും, വിശുദ്ധ കുബ്ബാനയുടെ തിരുനാളിന്റെ എട്ടാമിടം കഴിഞ്ഞുള്ള വെള്ളിയാഴ്ച, തിരുഹൃദയത്തിരുനാളായിട്ട് ആഘോഷിക്കപ്പെടണമെന്നും ഈശോ അവളോടു പറഞ്ഞു. വിവരം പ്രസിദ്ധമായ ക്ഷണത്തിൽതന്നെ, ഈ നവ്യഭക്തിയെ ചിലരെല്ലാം ആക്ഷേപിക്കുവാൻ തുടങ്ങി. അവരുടെ യുക്തി ഏകദേശം ഇങ്ങനെ ആയിരുന്നു. "ഈശോയുടെ ഹൃദയം കാലാന്തരത്തിൽ ഉണ്ടാക്കപ്പെട്ടതാണ്. കാലാന്തരത്തിൽ നിർമ്മിതമായതു് ഒരു സൃഷ്ടിയാണ്. അതുകൊണ്ട് ഈശോയുടെ ഹൃദയം ഒരു സൃഷ്ടവസ്തുവാകുന്നു. ഒരു സൃഷ്ടവസ്തുവിനെ ആരാധിക്കുന്നതോ വിഗ്രഹാരാധനയാണെന്നു സ്പഷ്ടം. അതിനാൽ ഈശോയുടെ തിരുഹൃദയാരാധന, വിഗ്രഹാരാധനയാകുന്നു." മ്ശിഹായുടെ മനുഷ്യത, തന്റെ ദിവ്യതയിൽനിന്നു വിഭിന്നമായിരുന്നു എങ്കിൽ ഈ ആക്ഷേപം സാധുവാകുമായിരുന്നു. മ്ശിഹായിലാകട്ടെ സ്വദിവ്യത, നിത്യസംബന്ധേനയാണ് മനുഷ്യതയോടു സംയോജിതമായിരിക്കുന്നതു്. തന്നിമിത്തം, തിരുഹൃദയം മനുഷ്യതയുടെ ഒരു അംശമാണെങ്കിലും, അതോട് അഭേദത്വേന സംബന്ധിതമായിരിക്കുന്ന ദിവ്യതയെയാണു നാം ആരാധിക്കുന്നതു്. മ്ശിഹായിൽ ദിവ്യമാനുഷസ്വഭാവങ്ങൾ തമ്മിലുള്ള പ്രസ്താവിതൈക്യം ഹേതുവാൽ തിരുഹൃദയാരാധന, വിഗ്രഹാരാധനയല്ലെന്നു സിദ്ധിക്കുന്നു.

തിരുഹൃദയത്തോടുള്ള ഭക്തി പ്രചരിച്ചതിനോടുകൂടിത്തന്നെ, പരിശുദ്ധ കുബ്ബാനയോടുള്ള വണക്കവും പൂർവ്വാധികം വർദ്ധിച്ചു. എന്തെന്നാൽ, കൂദാശസ്ഥത്തവിധത്തിൽ സക്രാരിയിൽ സന്നിഹിതനായിരിക്കുന്ന ഈശോയുടെ ഹൃദയം മനുഷ്യരോ

ടുള്ള സ്നേഹാധിക്യത്താൽ സ്പന്ദനം ചെയ്തുകൊണ്ടിരിക്കുന്ന വസ്തുത വിശ്വാസികൾ കൂടുതലായി ഗ്രഹിച്ചുതുടങ്ങി. തിരുഹൃദയവണക്കം, അനുഗ്രഹങ്ങളുടെ ഉല്പാദകനായ ഈശോയുടെ സാന്നിധ്യത്താൽ പവിത്രീകൃതമായിരിക്കുന്ന പരിശുദ്ധ കുർബാനയുടെ ഭക്തിയിലേക്കു, മനുഷ്യരെ ആകർഷിക്കുന്നതിൽ വിസ്മയിപ്പാനില്ല. നമ്മുടെ ഓരോ ശ്വാസവും നമ്മുടെ ഓരോ വിചാരവും, നമ്മുടെ നാഡികളുടെ ഓരോ സ്പന്ദനവും കുർബാനയിൽ സ്ഥിതിചെയ്യുന്ന ഈശോയുടെ സ്നേഹസാഗരത്തെ ശക്തിമത്തായി ചലിപ്പിക്കുന്നു. ഓ! ഈശോയുടെ ഈ ജീവിതം എത്രയോ വിസ്മയനീയമായിരിക്കുന്നു. എനിക്ക് അദൃശ്യമായ ഒരു ജീവിതമാർഗ്ഗത്തെ അങ്ങ് അനുവർത്തിച്ചുകൊണ്ടും എന്നാൽ എന്റെ സർവ്വപ്രവൃത്തികളേയും— നിസ്സാരമായ എന്റെ ആവലാതികൾപോലും— ഗ്രഹിച്ചുകൊണ്ടും ഇരിക്കുന്നു; പ്രതിസ്നേഹത്തിന്റെ തുച്ഛമായ ചിഹ്നത്തെക്കൂടിയും ഓ! ഈശോയേ, അവിടുന്നു സന്തോഷസമേതം സ്വീകരിക്കുന്നു. അതിനാൽ സക്രാരിയിൽ സ്ഥിതിചെയ്യുന്ന ഈശോയെ നമുക്കു കൂടക്കൂടെ സന്ദർശിക്കാം. അവിടെ തിരുഹൃദയം സ്ഥിതിചെയ്യുന്നുണ്ട്. "പ്രയത്നപ്പെടുന്നവരും ഭാരാക്രാന്തന്മാരും ആയിട്ടുള്ളവരേ, നിങ്ങൾ എന്റെ അടുക്കൽ വരുവിൻ; നിങ്ങളെ ഞാൻ ആശ്വസിപ്പിക്കുന്നതാണ്" (മത്തായി, ൧൧. ൨൮.)

## നി. വ. ദിവ്യശ്രീ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു ഇടയലേഖനം.

വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, അടുത്തുവരുന്ന മിഥുനമാസത്തിലെ ഭക്തി ഈശോ മ്ശിഹായുടെ തിരുഹൃദയഭക്തിയാകുന്നു എന്ന് നിങ്ങൾക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. മറിയത്തിനോടുള്ള ഭക്തിയും ഈശോയുടെ തിരുഹൃദയ ഭക്തിയും വൃക്ഷവും ഫലവും പോലെയാകുന്നു. മറിയത്തിന്റെ നേർക്കുള്ള ഭക്തി വൃക്ഷമാകുന്നു എങ്കിൽ തിരുഹൃദയ ഭക്തി ഇതിന്റെ ഫലമാകുന്നു. മറിയത്തിന്റെ ഭക്തിയിൽനിന്ന് നാം ആഗ്രഹിച്ച് പാർത്തിരിക്കുന്ന ഫലം ആ നാഥയുടെ പ്രിയപുത്രനായ ഈശോ മ്ശിഹായുടെ സ്നേഹത്തിൽ അധികമധികമായ വർദ്ധനയാകുന്നു. ഫലം കൊടുക്കുന്നില്ലെങ്കിൽ വൃക്ഷവും ഇലകളും പൂക്കളും കൊണ്ട് എന്തുപകാരം? മറിയത്തിന്റെ നേരെയുള്ള ഭക്തി എത്ര പരമാർത്ഥവും വലുതുമായിരിക്കുന്നുവോ, ഈശോ മ്ശിഹായുടെ നേരെയുള്ള സ്നേഹവും അത്രയും ശക്തിമത്തും വലുതുമായിരിക്കണം.

ഈ കാലം സഭകളുടെയും സമ്മേളനങ്ങളുടെയും ഒരു കാലമാകുന്നു. ഈ കാലം വിദ്യാഭ്യാസത്തിന്റെയും ജ്ഞാനപ്രചാരത്തിന്റെയും ഒരു കാലമാകുന്നു. എവിടെയും പരിഷ്കാരം, സമ്മേളനം എന്ന ശബ്ദങ്ങളുടെ ഘോഷമേ കേൾക്കാനുള്ളു. ഇതു നല്ലത്; ഇതു നാം ഹൃദയപൂർവ്വം ആഗ്രഹിക്കുന്നതുതന്നെയാകുന്നു. എങ്കിലും നാം ആഗ്രഹിക്കുന്നതു് സത്യമായ ജ്ഞാനത്തിന്റെയും പരിഷ്കാരത്തിന്റെയും പൂച്ചു മാത്രമായ അസത്യജ്ഞാനത്തെയും കപടപ്പരിഷ്കാരത്തെയുമല്ല, സാക്ഷാലുള്ള ജ്ഞാനത്തെയും സത്യമായ പരിഷ്കാരത്തെയും ആകുന്നു. ഇപ്രകാരമുള്ള അസത്യജ്ഞാനത്തിന്റെയും കപടപ്പരിഷ്കാരത്തിന്റെയും ഫലങ്ങളെ, ഇപ്പോൾ അവസാനിച്ചു എന്നു പറയാവുന്ന യൂറോപ്യൻയുദ്ധംമൂലം, നാം സംപൂർണ്ണമായി അനുഭവിച്ചു; ഇനിയും അനുഭവിച്ചുകൊണ്ടുവരികയും ചെയ്യുന്നു. മൂലസത്യവും നിത്യസത്യവുമായ ദൈവത്തെ മറന്നും ദൈവത്തെക്കൂടാതെയുമുള്ള ഭക്തിശൂന്യമായ വിദ്യാഭ്യാസവും പരിഷ്കാരവും നാം ഏറ്റമേറ്റം പേടിക്കേണ്ടതും വെറുക്കേണ്ടതും ആകുന്നു. പഞ്ചഭൂതങ്ങളിൽ വെള്ളവും തീയും ലോകത്തിനേറ്റം ഗുണപ്രദങ്ങളാകുന്നു എങ്കിലും ഇവയുടെ

ദുഷ്പ്രയോഗത്തെപ്പോലെ ലോകത്തിന്നു ഇത്ര ദോഷകരമായും ഇത്ര നാശകരമായും മറെറാന്നുമില്ല. ഇതു തന്നെ സൂക്ഷ്മമായി തെററായ മാൎഗ്ഗത്തിലുള്ള വിദ്യാഭ്യാസത്തേയും പരിഷ്കാരത്തേയും കുറിച്ചും പറയേണ്ടതാകുന്നു. ചീത്തവൃക്ഷം ഒരിക്കലും നല്ല ഫലത്തെ കൊടുക്കയില്ല എന്ന പ്രസിദ്ധ തത്വം നിങ്ങൾ ഒരിക്കലും വിസ്മരിക്കരുതു്.

യഥാൎത്ഥജ്ഞാനവും പരിഷ്കാരവും ദൈവജ്ഞാനത്തിലും ഭക്തിയിലും അടിസ്ഥാനപ്പെട്ടിട്ടുള്ളതാകുന്നു. ഈദൃശതത്വജ്ഞാനവും പരിഷ്കാരവും ലോകത്തിന്നു വളരെ വളരെ ഉപകാരപ്രദങ്ങളാകുന്നു എന്നു ചരിത്രംകൊണ്ടും അനുഭവംകൊണ്ടും നാം നല്ലവണ്ണം അറിയുന്നു. ദൈവഭയത്തോടുകൂടിയജ്ഞാനം ലോകത്തിന്നു് അപരിമിതമായ നിക്ഷേപമാകുന്നു. ഇതിന്റെ വിലയെ സംബന്ധിച്ച് ജ്ഞാനാഗമം സാക്ഷിക്കുന്നതായതു് 'ഞാൻ രാജ്യങ്ങൾക്കും സിംഹാസനങ്ങൾക്കും ഉപരിയായി ഇതിനെ വിലമതിച്ചു; ഞാൻ ഇതിന്റെ ഉപമാനത്തിൽ ധനത്തെ നാസ്തിയായി-വിചാരിച്ചു. വിലയേറിയ കല്ലിനെ ഞാൻ ഇതിനോടു തുലനം ചെയ്തില്ല. കാരണമെന്തെന്നാൽ അതു് ഇതിന്റെ മുൻപാകെ അല്പമായമണലാകുന്നു. ഇതിനോടുകൂടി സൎവ്വനന്മയും എനിക്കുണ്ടായി. (ജ്ഞാന. ൭ അ. വ്യ. ൮.) ഇവിടെ സത്യസ്വരൂപിയായ ദൈവത്തോടുകൂടിയ ജ്ഞാനവും പരിഷ്കാരവും എത്ര വിലയുള്ളതാകുന്നു എന്നു നല്ലവണ്ണം പൎയ്യാലോചിപ്പിൻ.

അല്ലയോ വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, സൃഷ്ടിക്കപ്പെട്ടതും സൃഷ്ടിക്കപ്പെടാത്തതുമായ ഇരുവകജ്ഞാനമുണ്ടു്. സൃഷ്ടിക്കപ്പെടാത്ത ജ്ഞാനം പിതാവായ ദൈവത്തിന്റെ ജ്ഞാനവും വചനവുമായ ന. ക. ഈശോ മ്ശിഹാ തന്നെയാകുന്നു. കന്യാസ്ത്രീമറിയം ഈ ജ്ഞാനത്തിന്റെ മാതാവും സിംഹാസനവും ആകുന്നു. പുത്രൻ വഴിയായി നാം പിതാവിനെ അറികയും പിതാവിന്റെ പക്കൽ അടുത്തുചെല്ലുകയും ചെയ്യുന്നതുപോലെ മറിയം വഴിയായി നാം പുത്രനെ അറികയും പുത്രന്റെ പക്കൽ അടുത്തുചെല്ലുകയും വേണം. 'ഏകസത്യദൈവമായ നിന്നെയും നീ അയച്ചഈശോ മ്ശിഹായേയും, അവർ അറിയുന്നതു നിത്യജീവനാകുന്നു. (യോഹ. ൧൭. ൩.). നിത്യജീവനെ പ്രദാനം ചെയ്യുന്ന ഈ ജ്ഞാനത്തിങ്കലേക്കു ജ്ഞാനത്തിന്റെ സിംഹാസനമായ മറിയം, ഇടയന്മാരേയും മ്ശ്രശന്മാരേയും എങ്ങനെയോ അങ്ങനെ നമ്മെയും കൂട്ടിക്കൊണ്ടുപോകയും നിത്യജീവനെ ദാനം ചെയ്യുന്ന ഈ ദിവ്യജ്ഞാനത്തെ നമ്മെ പഠിപ്പിക്കയും ചെയ്യും. മ്ശിഹാ പിതാവിന്റെ ഉത്തമ പ്രതിമയാകുന്നതുപോലെ മറിയം മ്ശിഹായിൽ പ്രശോഭിതങ്ങളായ പുണ്യങ്ങളുടെയും സൽഗുണങ്ങളുടെയും സൂക്ഷ്മഛായയും പ്രതിമയുമാകുന്നു. ആകയാൽ ഈ മാസത്തിൽ മറിയത്തിൽ പ്രശോഭിക്കുന്നതായി നിങ്ങൾ കാണുകയും അനുകരിപ്പാൻ ഉത്സാഹിക്കയും ചെയ്ത താഴ്മ, ശാന്തശീലം, ഉപവിആദിയായ പുണ്യങ്ങളെ ഇവയുടെ ഉത്തമ മാതൃകയായ ഈശോയുടെ തിരുഹൃദയത്തിൽ നിന്നു ഏററം പൂൎണ്ണമായി കണ്ടുപഠിപ്പാൻ അടുത്ത മിഥുനമാസത്തിൽ നിങ്ങൾ ഉത്സാഹപൂൎവ്വം ശ്രമിക്കണം, എന്നുള്ള അപേക്ഷയോടുകൂടെ ഈ നമ്മുടെ ഇടയലേഖനത്തെ അവസാനിപ്പിക്കുന്നു.

## വേദപ്രചാരണം.

വേദപ്രചാരണ വിഷയത്തിൽ കേരളീയ കത്തോലിക്കർ ഈ അടുത്ത കാലത്തു പൂൎവ്വാധികം ശ്രദ്ധ പതിച്ചുതുടങ്ങിയിട്ടുണ്ടെന്നുള്ളതിന്നു പല ലക്ഷണങ്ങളുമുണ്ടു്. വേദപ്രചാരണത്തിൽ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ, വൎത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചുകാണുന്നതും,

വേദപ്രസംഗം ചെയ്യുന്ന വൈദികരെ സഹായിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെപ്പററി കത്തോലിക്ക സമാജങ്ങളിൽ ഔൽസുക്യത്തോടെ വിചിന്തനം ചെയ്യുന്നതും, രഹസ്യസംഭാഷണങ്ങളിൽപോലും മതപ്രചാരണത്തെയും അതിൽ നാം വെക്കേണ്ട ശ്രദ്ധയേയും പററി ഉത്സാഹപൂർവ്വം സംസാരിക്കുന്നതും ഇവയിൽ ചില തുകൾ മാത്രമാണ്. പലസ്ഥലങ്ങളിലും വൈദികരും ലൌകികരും യഥാസ്ഥിതി മാനസ്സാന്തരാർത്ഥം ഉദ്യമിക്കുന്നുവെന്നുള്ളതും നാം കണ്ടും കേട്ടും അറിയുന്ന സംഗതിയല്ലയൊ? ഇങ്ങനെ പലപ്രകാരത്തിൽ പ്രത്യക്ഷപ്പെട്ടുകാണുന്ന മതപ്രചാരണതല്പരതമൂലം നമ്മുടെ ഇടയിൽ ഉണ്ടായിരിക്കുന്ന അഭിവൃദ്ധി അല്പമല്ലാ. പ്രതിവർഷംകേരളത്തിൽമാനസ്സാന്തരപ്പെടുന്ന ആയിരത്തിൽപരമാളുകളിൽ ഒരു ഭാഗമെങ്കിലും സ്വദേശിയപ്രയത്നത്തിൻെറ ഫലമാണെന്നുള്ളതു നമുക്കു അഭിമാനകരവും പ്രോത്സാഹജനകവുമാണ്. മതപ്രസംഗവൃത്തിയിൽ നാം പ്രദർശിപ്പിച്ചുതുടങ്ങിയിരിക്കുന്ന പ്രസക്തിയെ കവിയുന്ന ആനുകൂല്യം ഏതദ്വിഷയത്തിൽ പലരിൽനിന്നും നമുക്കു സിദ്ധിക്കുന്നുമുണ്ട്.

സ്തുത്യർഹമായ ഈ ഉത്സാഹം അചിരേണ വർദ്ധിച്ചു അന്ധകാരത്തിലും അജ്ഞാനത്തിലും വസിക്കുന്ന അനേക അകത്തോലിക്കർക്കു രക്ഷാമാർഗ്ഗമായിത്തീരേണ്ടുന്നതിനാകുന്നു നാം ശ്രമിക്കേണ്ടതു. കേരളത്തിൻെറ നാനാഭാഗങ്ങളിലുമുള്ള മതപ്രചാരേച്ഛുക്കൾ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതാണ് ഇതിലേക്കു സുഗമമായമാർഗ്ഗം. ദൈവികമായ ഈ വേലയിൽ പങ്കുകൊള്ളുന്നതിനു അനേകമാളുകൾക്കു താല്പര്യമുണ്ടെന്നുള്ളതു അവിതർക്കിതമാണ്. എന്നാൽ തങ്ങളാൽ സ്വയം നിർവ്വാഹ്യമായുള്ള ഭാഗം ഏററവും തുച്ഛമാണെന്നുള്ള ബോധവും ഈ സത്തുക്കൾക്കുണ്ട്. "ദൈവമെ നിൻെറ രാജ്യം വരണമെ" എന്നുള്ള പ്രാർത്ഥനമാത്രമെ തങ്ങളാൽ സാദ്ധ്യമാകുയെന്നു വിലപിക്കുന്നവർ അനേകം കാണും. മാനസ്സാന്തര കാർയ്യത്തിൽ വേലചെയ്യുന്നതിനു വൈദികരുണ്ടെങ്കിൽ, അവർക്കു ധനസഹായം ചെയ്വാൻ സന്നദ്ധരായുള്ളവരാണ് വേറൊരു കൂട്ടർ. വേദോപദേശികളുടെ നിലയിൽ വൈദികരെ സഹായിക്കുന്നതിനു ചില ഉപദേഷ്ടാക്കൾ ഒരുങ്ങിയിരിക്കുന്നു. വിശ്വാസികളിൽനിന്നു ജപ ധനസഹായങ്ങളേയും സഹകരണത്തേയും ഉൽക്കണ്ഠാപൂർവ്വം ആഗ്രഹിച്ചും അന്വേഷിച്ചുമിരിക്കുന്ന വൈദിക ശിരോമണികളും പലരുണ്ട്.

ഇങ്ങിനെ വേദപ്രചാരണത്തിനു ആവശ്യകങ്ങളായ സകല സഹായസൌകർയ്യങ്ങളും നമ്മുടെ ജനതയിൽ അങ്ങുമിങ്ങുമായി സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ ഇവ പലേടങ്ങളായി, വിഭിന്നങ്ങളായി, ഇരിക്കുന്ന കാലത്തോളം വലിയ കാർയ്യമൊന്നും സാദ്ധ്യമാകയില്ല. പ്രത്യുത ഈ വിഭിന്ന ശക്തികളെ ഏകോപിപ്പിക്കുന്നതായാൽ വേദപ്രസംഗവൃത്തിയിൽ ഗണ്യമായ അഭിവൃദ്ധി ഉണ്ടാകുമെന്നുള്ളതു നിസ്സംശയമാണ്. എന്നു തന്നെയല്ലാ, അനായാസേന മഹൽ ഫലങ്ങളെ കാണുന്നതിനു നമുക്കു ഇടയാകയും ചെയ്യും.

ഈ ദൃശ സദുദ്ദേശങ്ങളെ ഫലവത്താക്കുന്നതിന് ഉത്തമമായ മാർഗ്ഗം, സംഘങ്ങൾ, സഭകൾ, സഖ്യങ്ങൾ മുതലായവയാണെന്നുള്ളതു തിരുസഭയിൽ അംഗീകൃതമായ ഒരു തത്വമാണ്. ഇതിനാൽ കത്തോലിക്കാസഭയിൽ എല്ലാ സൽപ്രവൃത്തികൾക്കും ഓരോ സംഘങ്ങൾ അല്ലെങ്കിൽ സഖ്യങ്ങൾ സ്ഥാപിതങ്ങളായിരിക്കുന്നതായി നാം കാണുന്നു. യൂറോപ്പു അമ്മേരിക്കാ മുതലായ രാജ്യങ്ങളിൽ വേദപ്രചാരണാർത്ഥം വൈദികർ, കന്യകകൾ, അൽമ്മേനികൾ എന്നിങ്ങനെയുള്ള പല സ്ഥിതിക്കാരുടെ ഇടയിൽ യഥാസ്ഥിതി മഹാ സഭകളും ഉപശാഖകളും സ്ഥാപിതങ്ങളായിട്ടുണ്ട്. ഈ സഭകൾ മൂലം വേദപ്രചാരണത്തിനു ഉണ്ടായിട്ടുള്ള അഭിവൃദ്ധി ആശ്ചർയ്യജനകമാണ്. അയ്യായിരത്തിൽപരം പട്ടക്കാരും പതിനയ്യായിരത്തോളം കന്യകകളും വേദപ്രസംഗവൃത്തിയിൽ ഉദ്യമിതരായിട്ടുണ്ട്. പ്രസ്തുത സഭകളുടെ സഹായത്താൽ അനേക "മിഷ്യൻ" സെമ്നാരികളും, ൩൦൦-ൽ പരം ആശുപത്രികളും നടത്തപ്പെടുന്നു. അനേകലക്ഷം പവൻ ആണ്ടുതോറും വിശ്വാസപ്രചാരക സംഘങ്ങളിൽനിന്നു

പിരിച്ചു ഈ വക സ്ഥാപനങ്ങൾക്കു നൽകിവരുന്നു.

ഈ സംഖ്യകളോടു തുലനം ചെയ്യുമ്പോൾ കേരളീയരായ നാം ഈ ദേശ കാര്യങ്ങളിൽ പ്രസ്താവയോഗ്യമായ യാതൊരു താല്പര്യവും പ്രദർശിപ്പിക്കാതെ രണ്ടായിരത്തോളം വർഷം കഴിച്ചുകൂട്ടിയെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. കേരളീയ സഭയിൽ ജനനത്താലുള്ള വർദ്ധനവല്ലാതെ മാനസ്സാന്തരണത്താലുള്ള അഭിവൃദ്ധി ഉണ്ടാകുന്നില്ലാ എന്നു തന്നെ പറയാം. ഇപ്പോൾ നാം ആരംഭിച്ചിട്ടുള്ള നിസ്സാര പ്രവൃത്തികളെക്കൊണ്ടു നമുക്കു തൃപ്തിപ്പെടാമോ? അനാസ്ഥയിൽനിന്നു വിമുക്തരാകുന്നതിനുള്ള സമയം ഇനിയും അതിക്രമിച്ചില്ലയൊ? അതിനാൽ കത്തോലിക്കാ മഹാജനങ്ങളേ! ഉണരുവിൻ, ഉദാസീനതയേയും സ്വാർത്ഥതയേയും ദൂരീകരിപ്പിൻ!! ഈശോയുടെ നാമോച്ചാരണത്തിൽ സകല കേരളീയരും മുട്ടുകുത്തുന്ന ദിനം സമീപിക്കുന്നതിനു സർവ്വപ്രയത്നവും ചെയ്യുവിൻ!!!

## റോമ്മാത്തിരുസിംഹാസനവും മാർപ്പാപ്പാമാരും.

തിരുസിംഹാസനത്തെപ്പററി സഭാശത്രുക്കൾ എന്തുതന്നെ പറഞ്ഞാലും അതു മഹത്തായതും സുസ്ഥിരമായതും സ്തുത്യാർഹമായതുമായ ഒരു വിശിഷ്ട സ്ഥാപനമാണെന്നു സമ്മതിച്ചേതീരു. അതിൻെറ ആദ്ധ്യാത്മികശക്തി, ലോകത്തിൻെറ നാനാഭാഗങ്ങളും അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും തിരുസിംഹാസനത്തെപ്പററിപ്പറഞ്ഞിട്ടുള്ളതുപോലെയുള്ള ആക്ഷേപങ്ങളും അപഹാസങ്ങളും മറെറാരുസ്ഥാപനത്തെക്കുറിച്ചും പുറപ്പെടുവിച്ചിട്ടില്ല. ഇത്രയും മാനഹാനിയ്ക്കും നിന്ദയ്ക്കും തെററിദ്ധാരണയ്ക്കും പാത്രമായിട്ടു വേറൊരു അധികാര സംഘവും ഇല്ലതന്നെ. പരിശുദ്ധ പാപ്പാമാരെപ്പററിയും തിരുസിംഹാസനത്തെപ്പററിയും അപ്പഴപ്പോൾ ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളെ മൂന്നുവിധമായിട്ടു തരംതിരിക്കാം. ൧. മാർപ്പാമാരുടെ അപ്രമാദത്വം. ൨. പുണ്യമില്ലാത്തവരായ പാപ്പാമാർ. ൩. രാജ്യഭരണകാര്യത്തിൽ തിരുസിംഹാസനത്തിൻെറ നയം. ഈ മൂന്നു ഭാഗങ്ങളെയും സംബന്ധിച്ചു യഥാക്രമം സ്വല്പം പ്രസ്താവിക്കാം.

മാർപ്പാപ്പായുടെ അപ്രമാദത്വം കപടവും നിന്ദ്യവും ഗർഹണീയവുമായ ഒരു തത്വമാണെന്നു ചിലർ ഘോഷിക്കുന്നു. ഇവർ ഇങ്ങിനെ ദോഷാരോപണം ചെയ്യുന്നതു് തെററിദ്ധാരണകൊണ്ടു മാത്രമാണ്. വിശുദ്ധ പത്രോസു തുടങ്ങിയ ശ്ലീഹന്മാർക്കു നമ്മുടെ, കർത്താവിൽനിന്നും ലഭിച്ചിട്ടുള്ള സത്യവിശ്വാസത്തെ മാർപ്പാപ്പാമാർ യഥേഷ്ടം ഭേദപ്പെടുത്തുന്നുണ്ടെന്നാണ് വളരെ ജനങ്ങൾ മനസ്സിലാക്കുന്നതു്. കൂടാതെ മാർപ്പാപ്പാമാർ സംസാരിക്കുന്നവയൊന്നും തന്നെ തെററിപ്പോകുവാൻ പാടില്ലെന്നാണ് പ്രസ്തുത തത്വത്തിൻെറ സാരമെന്നുകൂടി ഈ കൂട്ടർ വിചാരിക്കുന്നുണ്ട്. വേറൊരു കൂട്ടർ, മാർപ്പാപ്പാമാർ പാപത്തിൽനിന്നും അനവരതം അകന്നു നില്ക്കുന്നവരാണെന്നു മനസ്സിലാക്കുന്നു. ഇതുകളിൽ ഏതെങ്കിലും ശരിയാണെന്നു വരികയാണെങ്കിൽ അന്നു കത്തോലിക്കാ ലോകം തന്നെ ഈ തത്വം അബദ്ധങ്ങൾക്കും കപടങ്ങൾക്കും വിളനിലമാണെന്നു നിസ്സംശയം പറയും. ഈ പ്രകാരമുള്ള തെററുകളെ എഴുതുകയൊ പറയുകയൊ ചെയ്യുന്നവർ ആദ്യമായി കണ്ടുമുട്ടുന്ന ഒരു കത്തോലിക്കനോടു ചോദിക്കുകയൊ പ്രസ്തുത സംഗതിയെ പ്രതിവാദിക്കുന്ന ഒരു പുസ്തകത്തെ ഒരണ വ്യയം ചെയ്തു വാങ്ങി വായിക്കുകയൊ ചെയ്യുന്നതായാൽ വിഷണ്ണനാകാതെയിരിക്കാവുന്നതാണ്. എല്ലാ കത്തോലിക്കാ ബാലന്മാർക്കുപോലും മാർപ്പാപ്പായുടെ 'തെററാവരം' എന്നുള്ളതു് താഴെപറയുന്നപ്രകാര

മാണെന്നു അറിയാം. ഒരു പാപ്പാ ക്രിസ്തീയലോകത്തിന്റെ അജപാലൻ എന്ന നിലയിൽ എപ്പോൾ സ്വാധികാരത്തെ നിവൃത്തിക്കുന്നുവോ അപ്പോൾ പരിശുദ്ധാരൂപിയുടെ പ്രത്യേകാനുഗ്രഹത്താൽ തെററിൽനിന്നും വിമോചിക്കപ്പെടുകയും ഏതൽഫലമായി കത്തോലിക്കാ വിശ്വാസത്തിന്നെതിരായി യാതൊന്നും തന്നെ പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നു.

നമ്മുടെ ദിവ്യരക്ഷകൻ എപ്പോൾ തന്റെ ആടുകൾക്കു ഒരു പാലകനെ തെരഞ്ഞെടുത്തുവോ, അപ്പോൾതന്നെ അദ്ദേഹത്താൽ നിയമിതനായ അജപാലൻ ഒരിക്കലും തന്റെ ആടുകളെ തെററായ വഴിയിൽകൂടി കൊണ്ടുപോകയില്ലെന്നു നമുക്കു ഒരു സമ്മതപത്രം തന്നിട്ടുണ്ടെന്നു നാം ഇതിൽനിന്നും മനസ്സിലാക്കണം. നമ്മുടെ ഈ പ്രതീക്ഷ നമുക്ക് ആഗ്രഹിക്കത്തക്കതല്ലയോ? ജീവനെതന്നെയും തന്റെ ആടുകൾക്കായി ത്യജിച്ച ഈ സൽ വല്ലഭൻ തന്റെ ആടുകളെ നിത്യനാശത്തിലേക്കു വിടുവാൻ സമ്മതിക്കുകയോ നിർമ്മലവും സത്യവും ആയ ദിവ്യോപദേശത്തിനു പകരം ഇടത്തുടാകുന്ന പാഷാണത്തെ അവക്കു ആഹാരമായികൊടുക്കുകയോ ചെയ്യുമെന്നു എങ്ങനെയാണു ശങ്കിക്കുക? ഇതിനുപുറമേ നമ്മുടെ ദിവ്യരക്ഷകൻ തന്റെ ആടുകളെ ഘോരാന്ധകാരമാകുന്ന ഈ ലോകത്തിൽ വിശ്വാസകാര്യങ്ങളിൽ വിശ്വസ്തനായ ഒരു ഇടയനില്ലാതെ വിട്ടേയ്ക്കുമെന്നും ആരെങ്കിലും വിചാരിക്കുമോ? അതുകൊണ്ടു താഴെ ചേർക്കുന്ന മൂന്നു സംഗതികളിൽ ഒന്നു തർക്കമെന്ന്യെ സത്യമായിരിക്കണം. ൧. മ്ശിഹായുടെ അജഗണത്തിനു ഇടയൻ ഇല്ലാതിരുന്നാൽ അതിനെ ചെന്നായ്ക്കളിൽനിന്നും സംരക്ഷിക്കുന്നതിനു ഒരുത്തരും ഇല്ലാതെയാകും. ൨. വിശ്വസ്തനല്ലാത്ത ഒരുത്തൻ ഉണ്ടായാലും അതുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നതല്ല. തൻമൂലം അവനെ ഏല്പിക്കുന്ന ആടുകൾ അവനാൽ തന്നെ പരിത്യജിക്കപ്പെടും. ൩. ദൈവികശക്തിയാൽ നിയമിതനും വിശ്വസ്തനും ആയ ഒരു ഇടയനുണ്ടു്. അതുകൊണ്ടും 'അവന്റെ വിശ്വാസം അവനെ ഒരിക്കലും ത്യജിക്കയില്ല" എന്നു കർത്താവു തന്നെ അരുളിച്ചെയ്തിരിക്കുന്നതുകൊണ്ടും അവനെ സംശയമെന്ന്യെ ആടുകൾക്കു വിശ്വസിക്കാം. ഈ മൂന്നു സൂചനങ്ങളിൽ ഒടുവിലത്തേതിലാണു കത്തോലിക്കാ ലോകം മുഴുവൻ വിശ്വസിച്ചുവരുന്നതു്. ഇവയിൽ ഏതാണ് സാക്ഷാൽ ബുദ്ധിപൂർവ്വകമായികരുതേണ്ടതു്? ഇവയിൽ ഏതാണു യഥാർത്ഥത്തിൽ ദൈവത്തിനു അധികം മാഹാത്മ്യം ഉളവാക്കുന്നതു്? കത്തോലിക്കേതരന്മാരായ 'കുസുമ'വായനക്കാർ ആലോചിച്ചു തീരുമാനിക്കട്ടെ. പക്ഷെ ഇതിനൊരാക്ഷേപമുണ്ടു്. മാർപ്പാപ്പായുടെ തെററാവരം സ്വീകാര്യയോഗ്യമായി കരുതിയാലും അതു വിശുദ്ധ പത്രോസിന്റെയോ ക്ലെമെൻസിന്റെയോ ഗ്രിഗോറിയുടെയോ പുണ്യവാനായ പത്താം പിയൂസ് മാർപ്പാപ്പായുടെയോ കാര്യത്തിൽ പരിപൂർണ്ണസ്ഥിതിയെ പ്രാപിച്ചു എന്നുവരാം. എന്നാൽ അധർമ്മാനുചാരിയായ ൬-ാമത്തെ അലക്സാണ്ടർ മാർപ്പാപ്പായെപ്പോലെയുള്ളവർക്കു അപ്രമാദത്വമുണ്ടായിരുന്നു എന്നും, അവർ പരിശുദ്ധാരൂപിയാൽ നയിക്കപ്പെട്ടിരുന്നു എന്നും ആർ വിശ്വസിക്കും?

അപ്രമാദത്വവരം, പാപ്പാസ്ഥാനത്തിലേക്കു ഉയർത്തപ്പെടുന്ന ആളിനെയല്ല ആശ്രയിച്ചിരിക്കുന്നതു്; പിന്നയോ അവരുടെ സ്ഥാനത്തേയാണ്. ഇതു അവരുടെ ഭരണത്തിൻകീഴുള്ള അജഗണത്തിന്റെ ഉന്നതിക്കല്ലാതെ സ്വന്തം അഭിവൃദ്ധിക്കല്ലെന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണ്. വേദപുസ്തകത്തിൽ പലേടങ്ങളിലും പ്രസ്താവിക്കപ്പെടുന്ന ചിലരുടെ ചരിത്രങ്ങൾ ഇവിടെ നാം ഓർക്കേണ്ടതുണ്ടു്. തങ്ങളുടെ അധികാരത്തിനനുരൂപമായി പ്രത്യേക ദൈവദാനങ്ങൾ സ്വീകരിച്ചവരായ ബാലാം, ഹന്നാസ്, ജൂദാസ് പ്രഭൃതികൾ എത്രയോ ദുഷ്ടന്മാരും ദുർമ്മാർഗ്ഗികളുമായിരുന്നു! ഇവരിൽ മഹാ ദുഷ്ടനായിരുന്ന ജൂദാസ് കറിയോത്താ മിശിഹായുടെ നാമത്തിൽ പിശാചിനെ അകററിയിരുന്നു. പുണ്യമില്ലാത്തവരെന്നു കേൾവികേട്ടിട്ടുള്ള പാപ്പാമാരുടെ സ്ഥിതിയും ഇപ്രകാരമാണെന്നു വിചാരിക്കാൻ പ്രോട്ടസ്റ്റന്റുകാർക്കു ഇത്ര മടിയെന്താണ്? മാർപ്പാ

പ്പാ ദുഷ്പ്രവൃത്തിയിൽ നിമഗ്നനായാൽ പോലും, പത്രോസു തിരുസ്സഭയെ എങ്ങനെ സംരക്ഷിച്ചിരുന്നുവൊ അതുപോലെ ചെയ്യുന്നതിനും, ദുഷ്ടനായ യൂദാസ്, യോഹന്നാനോടൊപ്പം എങ്ങനെ സത്യവേദത്തെ പ്രസംഗിച്ചും അത്ഭുതങ്ങൾ ചെയ്തും കാലം കഴിച്ചുവൊ അതുപോലെ തന്നെ അദ്ദേഹത്തിനു ചെയ്യുന്നതിനും സാധ്യമാണ്.

ഇങ്ങനെയുള്ള പാപ്പാമാരെക്കുറിച്ചു ഇവിടെ ഒന്നു രണ്ടു വാക്കുകൂടെ പറയുവാനുണ്ടു്. പാപ്പായുടെ ജീവിതരീതിയുടെ തിന്മയോ നന്മയോ പുണ്യമോ പാപമോ ആളിന്നടുത്ത വിധത്തിലുള്ള പ്രവൃത്തികളോ,, അവരുടെ "തെററാവര"ത്തെ സ്പർശിക്കുന്നില്ലെന്നു നാം മുമ്പിൽ കണ്ടു. എങ്കിലും ദുർമ്മാർഗ്ഗികളായ പാപ്പാമാർ എന്നു കേൾക്കുമ്പോൾ കുറെ അധികം പാപ്പാമാർ ഏററവും ജുഗുപ്സാവഹമായ അപരാധങ്ങൾക്കു വശംവദരാണെന്നാണ് സഭാവിരോധികൾ വ്യഞ്ജിപ്പിക്കുന്നതു്. ഇതു ഭീമമായ വ്യാജമാണ്. ഈ ആപവാദങ്ങൾക്കു പാത്രമായ പാപ്പാമാരുടെ സംഖ്യ തീരെ തുഛമാണ്. ആകെ ൨൬൧ അംഗങ്ങളുണ്ടായിട്ടുള്ള ഈ 'പാപ്പാ' വംശം യഥാർത്ഥത്തിൽ എത്രയോ പരിശുദ്ധമായിട്ടുള്ളതാണ്! രണ്ടാമതായി ഇങ്ങനെ ഈ മാർപ്പാപ്പാമാരുടെമേൽ ആരോപിക്കപ്പെടുന്ന കുററങ്ങൾ മിക്കതും അവാസ്തവങ്ങളും തെററാണെന്നു ആധുനിക ചരിത്രമെഴുത്തുകാർ തന്നെ തെളിയിച്ചിട്ടുള്ളതുമാകുന്നു. ദുഷ്ടന്മാരെന്നു കരുതിപ്പോരുന്ന പാപ്പാമാരിൽ ൬-ാമത്തെ അലക്സാണ്ഡറിനാണ് പ്രൊട്ടസ്റ്റാൻറുകാർ പ്രഥമസ്ഥാനം കൊടുത്തുവരുന്നതു്. പത്രോസിൻെറ സ്ഥാനത്തെ പ്രാപിക്കുന്നതിനുമുമ്പ് അദ്ദേഹം ബ്രഹ്മചാരി അല്ലായിരുന്നു എന്നുള്ളതാണ് വലുതായ കുററം. ഇതു കത്തോലിക്കരുടെ ദൃഷ്ടിയിൽ ഒരു വലിയ പാപവും ഒതപ്പും ആകുന്നു എന്നുള്ളതിനു സംശയമില്ല. കൂടാതെയും നിസ്സാരങ്ങളായ ചില പാപങ്ങൾക്കു ഈ ദോഷം ഹേതുവാകയും ചെയ്തിട്ടുണ്ട്. പക്ഷെ പ്രസ്താപിതാപരാധത്തിനു പാപ്പാമാരേയും തിരുസഭയേയും അതിക്ഷേപിക്കുന്നതിനു പ്രൊട്ടസ്റ്റാണ്ടുകാർ പുറപ്പെടുന്നതിൽ വിസ്മയിക്കേണ്ടിയിരിക്കുന്നു. മുൻപ്രതിപാദിച്ചിട്ടുള്ള കുററത്തിനു തന്നെ പാത്രവാന്മാരായ ലൂഥർ തുടങ്ങിയ "നവീകരണപിതാക്കന്മാരെ" അഭിനന്ദിക്കുകയും പാപ്പായുടെ കുററം സാധൂകരിക്കുവാൻ പാടില്ലെന്നു വാദിക്കുകയും പാപ്പായുടെ നേതൃത്വത്തെ ചുവടെ നിഷേധിക്കുകയും ചെയ്യുന്നു. എട്ടാമത്തെ ഹെന്റ്രി എലിസബെത്ത്, ക്രാൻമർ, ബാർലൊ പ്രഭൃതികളാൽ സ്ഥാപിതമായ സഭയുടെ ഒരു പ്രധാനഭൂഷണമായ 'അശുദ്ധത' അലക്സാണ്ടർ പാപ്പായാൽ ആരംഭിക്കപ്പെട്ടതുകൊണ്ടു അദ്ദേഹത്തെ പ്രൊട്ടസ്റ്റൻറുകാർ പിതാവെന്നു നാമകരണം ചെയ്യെങ്കിലേ അവർ യഥാർത്ഥത്തിൽ പ്രൊട്ടസ്റ്റൻറുകാർ ആകയുള്ളൂ. ഈ വലിയ പാപത്തിനു ഇദ്ദേഹം വാസ്തവത്തിൽ അപരാധിയാണെങ്കിലും അദ്ദേഹം പലപ്രകാരത്തിലും ഒരു നല്ല ഭരണതന്ത്രജ്ഞനും ബഹുജനപ്രീതി സമ്പാദിച്ചിട്ടുള്ളദേഹവും ആയിരുന്നുവെന്നുള്ളതു് പ്രത്യേകം സ്മരണീയമാണ്.

ഫാദർ ജോസഫ് ചക്കങ്കൻ,
പി.എച്ച് ഡി; ഡി.ഡി.

## ദേവമാതാവും കത്തോലിക്കാസഭയും

ദൈവ കുമാരനായ ഈശോമ്ശിഹായെ മനുഷ്യർക്ക് പ്രദാനം ചെയ്യുന്നതിനും ആദത്തിൻെറ സന്തതികളായ മനുഷ്യരെ ഈശോമ്ശിഹാക്ക് സമർപ്പണം ചെയ്യുന്നതിനുമായിട്ടു സർവ്വേശ്വരൻ കന്യകമറിയത്തെ സൃഷ്ടിച്ചു. ഈ കന്യകയുടെ മാതൃത്വസ്മരണയെ ശാശ്വതമായ നിലയിൽ വെളിപ്പെടുത്തുന്നതു കത്തോലിക്കാ തിരുസഭയാണല്ലോ. ബേസ്ലഹത്തിലെ തൊഴുത്തിൽവച്ചു് ദിവ്യജനനിയിൽനി

ന്നു ജാതനായ ഉണ്ണി ഈശോയെ ദിനംപ്രതി അസംഖ്യം സക്രാരികളിൽ സത്യതിരുസഭ കാത്തു സൂക്ഷിക്കുന്നു. വ്യാകുലങ്ങളുടെ അമ്മയായ കന്യാസ്ത്രീമറിയം ഗാഗുൽത്താ മലയിൽവച്ച് ദത്തെടുത്ത മക്കളെ ഇപ്പോൾ ഇഹലോകത്തൽ നമ്മുടെ മാതാവായ തിരുസഭ ഈശോമ്ശിഹായിൽ ജീവിതം നയിക്കുന്നതിന് അതിന്റെ മടിയിൽ സന്തോഷപുരസ്സരം സ്വീകരിച്ചുവരുന്നില്ലയോ? ദൈവവരപ്രസാദനിലയിൽ മറിയത്തോടുകൂടി സത്യസഭയും മാതാവ് എന്ന ശ്രേഷ്ഠസ്ഥാനത്തിലും മാതാവിന്നടുത്ത ജോലികളിലും പങ്കുകൊള്ളുന്നു എന്നുള്ളതു നിശ്ചയമാണ്.

ആകയാൽ മാതാവായ മറിയത്തെയും നമ്മുടെ കരുണയേറിയ അമ്മയായ സത്യസഭയേയും പുത്രവാത്സല്യത്തോടെ സ്നേഹിക്കേണ്ടതു് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ക്രിസ്തീയ ജീവിതത്തിൽ ഉണ്ടായേക്കാവുന്ന മഹത്തായതും പരസ്യമായതുമായ കൃത്യങ്ങളിൽ സത്യമായതും പരിശുദ്ധമായതുമായ കത്തോലിക്കാസഭക്ക് അമ്മയെന്ന ഉന്നത പദവി നല്കുകയും നിഷ്കളങ്കമായി അതിനെ വണങ്ങുകയും ശിശുക്കളെപ്പോലെ അനുസരണയുള്ളവരായിരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ മാതാവിന്റെ നിയമങ്ങളേയും പ്രവൃത്തികളേയും പററി നന്ദിഹീനരെപ്പോലെ ആക്ഷേപിക്കാതെ, ഒരു വാത്സ്യമാതാവിനോട്ട് അതിന്റെ സ്നേഹമുള്ള പുത്രൻ ചെയ്യാറുള്ളതുപോലെ ഈ അമ്മയുടെ ബഹുമാനത്തെ പരിപാലിച്ചുകൊണ്ടുപോകുന്നതിന് ഓരോരുത്തരും യഥാശക്തി ശ്രമിക്കണം. അതിയായി, സ്നേഹിക്കുന്ന ഒരു വസ്തുവിനെ സംബന്ധിച്ചു നാം കഴിയുന്നത്ര അറിവു സമ്പാദിക്കാൻ താല്പര്യപ്പെടുന്നതു് സർവ്വസാധാരണമാണല്ലോ. അപ്രകാരം തന്നെ ഈ അമ്മയെപ്പററി എഴുതിയിട്ടുള്ള പുസ്തകങ്ങളും ലഘുപുസ്തകങ്ങളും മാസികകളും അത്യാശയോടെ വായിക്കുന്നതിൽ നാം ഉൽസുകന്മാരായിരിക്കണം. ത്രാണിയും സൌകര്യവുമുള്ളവർ നമ്മുടെ മാതാവിനെ സംബന്ധിച്ചുള്ള സാഹിത്യവർദ്ധനക്കു ഉപയുക്തങ്ങളായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതു് ഏററവും ഉത്തമമാണ്. ഇവയെല്ലാം, നിഷ്കളങ്കമായി സ്നേഹിക്കുന്ന മക്കളുടെ ലക്ഷണങ്ങളാണെന്നു നിസ്സംശയമാണ്.

ഫാദർ തോമ്മസ് മൂഞ്ഞേലി.

# സുവിശേഷ വിഹിതോപദേശവും മനുഷ്യസ്വാതന്ത്ര്യവും *

## I.

"ഒന്നുകിൽ സുവിശേഷവിഹിതോപദേശവും സ്വാതന്ത്ര്യവും, അല്ലാത്തപക്ഷം പുരോഹിതോപദേശവും പരിപൂർണ്ണമായ പുരോഹിതാധീനത്വവും: ഇതിൽ രണ്ടിലൊന്നല്ലാതെ, സയുക്തികമായി വരുന്നതല്ല." 'മലങ്കര സഭാതാരക'—(൧൦൯൪ ഇടവം, മിഥുനം ലക്കം)

"സ്വാതന്ത്ര്യ"മെന്ന പദത്തെപ്പോലെ ദുഷ്പ്രയോഗപ്പെടുത്തിയിട്ടുള്ള വാക്ക് ഭാഷയിൽ വേറെയുണ്ടോയെന്ന് സംശയമാണ്. താരകാധിപർ രണ്ടു പുറങ്ങളിൽ ആറു പ്രാവശ്യം ഈ വാക്കു ഉപയോഗിച്ചു കാണുന്നു. സ്വാതന്ത്ര്യത്തെ പാലിക്കണമെന്നു നടിച്ചു മനുഷ്യ

* ഈ ലേഖനം "റോമൻകത്തോലിക്കസഭയിലേക്കുള്ള യാക്കോബ്യരുടെ തിരിവ്" എന്ന അഭിധാനത്തിൽ ലേഖകൻ രചിച്ചിട്ടുള്ളതും, ഇതുവരെയും പ്രസിദ്ധപ്പെടുത്താത്തതും ആയ ഒരു ചെറുപുസ്തകത്തിൽനിന്നും അദ്ദേഹം തന്നെ ഉദ്ധരിച്ച് ഇവിടെ അയച്ചുതന്നിട്ടുള്ളതാണ്. പ്രസ്തുത പുസ്തകം അചിരേണ അച്ചടിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു.

(ക. കു. പത്രാധിപർ)

ർ ചെയ്തിട്ടുള്ള അക്രമങ്ങൾക്കും കൃത്രിമങ്ങൾക്കും പീഡകൾക്കും അവസാനമില്ല. യഥാർത്ഥ സ്വാതന്ത്ര്യം മനുഷ്യർക്കു ദൈവം ദാനം ചെയ്തിട്ടുള്ള ഗുണങ്ങളിൽ വെച്ചു ഏററവും ഉൽകൃഷ്ടമായതും വിലമതിക്കാൻ വഹിയാത്തതും തന്നെ. അതിനെ മനുഷ്യർ ശുഷ്കാന്തിയോടെ കാത്തുകൊണ്ടു വരികയും നിബന്ധനം ചെയ്യുന്നതിൽ അതിയായ വൈമനസ്യം പ്രദർശിപ്പിക്കയും ചെയ്യുന്നു. അതിനു അല്പമെങ്കിലും കുറവു വരുത്തുന്ന സംഗതികളിൽ, മനുഷ്യർ വിമുഖന്മാരായിട്ടാണു കണ്ടുവരുന്നതു്. അതിനാൽ യാക്കോബായക്കാർ കത്തോലിക്കാ തിരുസഭയുമായി പുനരൈക്യപ്പെട്ടാൽ ഈ വിശിഷ്ട ദൈവദാനത്തെ ബലികഴിക്കേണ്ടി വരുമെന്നു പ്രസ്താവിച്ചു സത്യത്തിലേക്കു തിരിയുവാൻ ഭാവിക്കുന്നവരെ, ഒരുകൂട്ടർ ഭയപ്പെടുത്തുന്നു. കത്തോലിക്കമതത്തിൽ ചേരുന്നതുകൊണ്ടു് തങ്ങളുടെ സ്വാതന്ത്ര്യത്തെബലി കഴിക്കേണ്ടിവരുമെന്നുള്ള ആക്ഷേപത്തിനു് ഒരു ന്യായമോ സാക്ഷിയോ കാണിച്ചുതന്നാൽ കൊള്ളാമായിരുന്നു. അകാരണമായി "പുലിവരുന്നേ, പുലിവരുന്നേ" എന്നു വിളിച്ചു പറഞ്ഞാൽ ചില അനഭിജ്ഞന്മാരേയോ മററോ പേടിപ്പിക്കാമായിരിക്കാം. ബുദ്ധിമാന്മാരായ സത്യാന്വേഷികൾ ഇതുമൂലം എത്രകണ്ടു ഭയപ്പെടുമെന്നു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. മാത്രമല്ല, "പുലിയെ ശരിയായും സൂക്ഷ്മമായും പരിശോധിച്ചു്, പുലിയോ ആടോയെന്നു തീർച്ച വരുത്തേണ്ടതു തങ്ങളുടെ ധർമ്മമെന്നു അവർ കരുതി പ്രവർത്തിക്കാതെ ഇരിക്കയില്ല. ഏവംവിധങ്ങളായ ദുശ്ശങ്കകൾക്കും പ്രസ്താവനകൾക്കും അടിസ്ഥാനം സ്വാതന്ത്ര്യത്തെപ്പററി ശരിയായ ജ്ഞാനമില്ലായ്കയാണെന്നാണു് വിചാരിക്കേണ്ടതു്. യഥാർത്ഥമായ സ്വാതന്ത്ര്യമെന്തു്? അതിന്റെ സ്വഭാവം എങ്ങനെ? അതു എന്തിൽ സ്ഥിതിചെയ്യുന്നു? എന്നിതുകളെ ഗാഢമായി ആലോചിച്ചു അറിയാത്തതാണു്, കത്തോലിക്കമതാനുസാരിയായാൽ സ്വാതന്ത്ര്യം നഷ്ടീഭവിക്കുമെന്നുള്ളപ്രസ്താവനക്കു കാരണം.

മിതമായ സ്വാതന്ത്ര്യവും കത്തോലിക്കാസത്യവും തമ്മിൽ യാതൊരു വൈപരീത്യവുമില്ലെന്നു തന്നെയല്ല അവതമ്മിൽ വളരെ ഐക്യവുമുണ്ടു്. സ്വാതന്ത്ര്യം എന്ന വാക്കിന്റെ ശരിയായ അർത്ഥം എന്തെന്നു മനസ്സിലാക്കാത്തതിനാലോ ന്യായരഹിതമായി ആ വാക്കിനു കല്പിച്ചുകൊടുക്കുന്ന വ്യാപ്തികൊണ്ടോ മനുഷ്യൻ സ്വതന്ത്രനായിരിക്കാൻ പാടില്ലാത്ത സംഗതികൾക്കുകൂടി ആ പദത്തെ ഉപയോഗപ്പെടുത്തിക്കാണുന്നു. മിഥ്യാഭൂതവും കുററകരവും സുബുദ്ധിവിരുദ്ധവും ആയ സ്വേച്ഛാനുസാരവൃത്തിയെ സ്വാതന്ത്ര്യം എന്ന മഹത്തായ പദംകൊണ്ടു അർത്ഥമാക്കുന്നു. മററു ചിലർ തിന്മ ചെയ്വാൻ കഴിയുന്ന ഭുജബലത്തേയോ സ്ഥലബലത്തേയോ ദുഷ്കൃത്യങ്ങളെ ചെയ്വാനുള്ള അർഹതയേയോ ശക്യതയേയോ ആണു് സ്വാതന്ത്ര്യം എന്ന വാക്കാൽ നിർദ്ദേശിക്കുന്നതു്.

സാധാരണമായി സ്വാതന്ത്ര്യം എന്ന വാക്കു്, ഞെരുക്കം, നിർബന്ധം, സാഹസം എന്നിവയിൽനിന്നു ഒഴിഞ്ഞിരിക്കുന്ന സ്ഥിതിയെ സൂചിപ്പിക്കുന്നു. സാഹസങ്ങളും നിർബന്ധങ്ങളും പല മാതിരിയുള്ളതിനാൽ പലവിധമായ സ്വാതന്ത്ര്യവുമുണ്ടു്. ഒന്നു് ശാരീരിക സ്വാതന്ത്ര്യം. മറെറാന്നു ധാർമ്മികസ്വാതന്ത്ര്യം. സ്വാതന്ത്ര്യത്തിന്റെ കാതൽ അഥവാ സാരം അവനവൻതന്നെ അന്യന്റെ നിർബന്ധംകൂടാതെ ഒരു സംഗതിയെ തീരുമാനിക്കുന്നതിനോ ഒരു വിഷയത്തെ തെരഞ്ഞെടുക്കുന്നതിനോ ഉള്ള അവകാശമാകുന്നു. ഒരു പ്രവൃത്തിചെയ്യാൻ വേണ്ടുന്ന സഹകരണങ്ങളെല്ലാം ഒരുവനുണ്ടായിരുന്നാൽതന്നെയും ആ പ്രവൃത്തി യഥേഷ്ടം ചെയ്യുകയോ ചെയ്യാതിരിക്കയോ വേറൊരു പ്രവൃത്തി ചെയ്യാനുള്ള ശക്തി സുലഭമായിരിക്കയോ വേണം. ക്ലിപ്തമായി പറയുന്നതായാൽ ഈ ശക്തി തിന്മയെ തെരഞ്ഞെടുക്കുന്നതിലല്ല സ്ഥിതി ചെയ്യുന്നതു്.

ദൈവം സർവ്വഥാ സ്വതന്ത്രനാണു്. പക്ഷെ ദൈവത്തിനു തിന്മയേ തെരഞ്ഞെടുത്തു് പ്രവർത്തിപ്പാൻ സാധ്യമല്ല. അതിനുള്ള ശക്തിയും തനിക്കില്ല. എങ്കിലും തന്റെ അളവററ സ്വാതന്ത്ര്യത്തിനു യാതൊരു ഭംഗവും സംഭവിക്കുന്നില്ല. പുറമേയുള്ള

നിൎബന്ധത്താൽ നമ്മുടെ ബാഹ്യപ്രവൃത്തികളെ തടയുവാൻ അന്യൎക്കു കഴിയും. എന്നാൽ നമ്മുടെ മാനസികപ്രവൃത്തികളുടെ മേൽ മററുള്ളവൎക്കു യാതൊരു ശക്തിയും അധികാരവും പ്രവൎത്തിക്കാൻ കഴിയുന്നതല്ല. രക്തസാക്ഷികൾ തങ്ങളെ പീഡിപ്പിച്ചവരോടു പറഞ്ഞതുപോലെ "ഞങ്ങളുടെ ശരീരങ്ങൾ നിങ്ങളുടെ അധീനത്തിലാകുന്നു; എന്നാൽ ആത്മാവുകളുടെ മേൽ നിങ്ങളുടെ യാതൊരു ശക്തിയും ഫലിക്കുന്നതല്ല".

നീതിന്യായപ്രകാരമുള്ള സ്വാതന്ത്ര്യത്തെ ഇനി നമ്മുടെ ആലോചനയ്ക്കു വിഷയമാക്കാം. ഒരു പ്രവൃത്തി ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഒരുവന്റെ മനസ്സിനെ യാതൊരുവിധത്തിലും നിൎബന്ധിക്കുന്നില്ലെങ്കിൽ, അവൻ ന്യായമായ സ്വാതന്ത്ര്യം അനുഭവിക്കുന്നു. മനുഷ്യൻ തന്റെ പ്രവൃത്തികളെ സദ്വൃത്തി ധൎമ്മത്തിനനുരൂപമായി അന്തിമോദ്ദേശ്യത്തിൽനിന്നു തെററിപ്പോകാതിരിപ്പാൻവേണ്ടി ചെയ്യുന്ന കൃത്യങ്ങളിലാണു സന്മാൎഗ്ഗനിബന്ധന അടങ്ങിയിരിക്കുന്നതു്. സന്മാൎഗ്ഗവിരുദ്ധമായി പ്രവൎത്തിക്കുന്ന മനുഷ്യനു വാസ്തവമായ സ്വാതന്ത്ര്യം ഉണ്ടോ? മനുഷ്യചേതസ്സു ഈ വിഷയത്തിൽ അനുസരിക്കേണ്ട കല്പനകൾ ഒന്നുംതന്നെ ഇല്ലയോ? സ്വയമേയുള്ള ശക്തിക്കു ചെയ്വാൻ കഴിവുള്ളതെല്ലാം ചെയ്യുന്നതിനു മനുഷ്യനു അൎഹതയുണ്ടോ? ഈവക സംഗതികളിൽ മനുഷ്യനു പരിപൂൎണ്ണ സ്വാതന്ത്ര്യമുണ്ടെന്നു് സന്മാൎഗ്ഗനിരതന്മാർ വാദിക്കുന്നതല്ല.

ഇത്രയും പറഞ്ഞതിൽനിന്നു ഒരു സംഗതി വ്യക്തമാകുന്നുണ്ടു്. സ്വാഭാവിക ശക്തികളാൽ ശക്യങ്ങളായ എല്ലാ പ്രവൃത്തികളേയും മനസ്സാക്ഷിക്കനുരൂപമായിട്ടും ആത്മരക്ഷക്കു വിഘ്നംവരാത്ത വിധത്തിലുംമാത്രമേ ചെയ്വാൻ പാടുള്ളു. ഉദാഹരണമായി സ്വപിതാവിനെ വധിക്കുവാൻ ഭുജബലമുള്ള ഒരു പുത്രനേപ്പററി ചിന്തിക്കാം. അങ്ങനെ ഹനിക്കുന്നതിനു പുത്രനു അധികാരമോ അവകാശമോ ഉണ്ടെന്നു ആർ വാദിക്കും? അതുകൊണ്ടു ശാരീരിക ശക്തിയും ധൎമ്മാധികാരവും തമ്മിൽ സാരതരമായ വ്യത്യാസമുണ്ടു്. സന്മാൎഗ്ഗസംഹിതയുടെ അടിസ്ഥാനം, അഥവാ മനുഷ്യചിത്തത്തെ നിരോധിക്കുന്നതായ നിബന്ധന, മനുഷ്യന്റെ സ്രഷ്ടാവും സൎവ്വാധികാരമുള്ള യജമാനനും ശ്രേഷ്ഠാധികാരമുള്ള ഉപദേഷ്ടാവുമായ ദൈവതിരുമനസ്സുതന്നെ. അതിനാൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പൂൎണ്ണനിൎവ്വചനം എന്തെന്നാൽ: മനുഷ്യനെ, തന്റെ അന്തിമോദ്ദേശ്യത്തിലേക്കു നയിക്കുന്നതിനുള്ള സാന്മാൎഗ്ഗിക പാന്ഥാവിനെ പിൻതുടൎന്നു് ദൈവചിത്തത്തെ നിറവേററി വാസ്തവമായ സന്തോഷം ഇഹത്തിലും പരത്തിലും അനുഭവിക്കുന്നതിനു പ്രതിബന്ധങ്ങളായി നിൽക്കുന്ന വിഷയങ്ങളിൽനിന്നു പൂൎണ്ണവിമോചനം പ്രാപിക്കുന്നതിലാണു സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്. അതിനാൽ ദൈവനിയമബാധകമായ ആഗ്രഹങ്ങളേയോ മനോഗതങ്ങളേയോ അനുസരണാരഹിതമായ ഉന്മേഷത്തേയോ അടക്കി അമൎത്തുവാൻ നമ്മുടെ മനസ്സിനു് എത്രകണ്ടു ശക്തിയുണ്ടോ അത്രകണ്ടു യഥാൎത്ഥസ്വാതന്ത്ര്യം നാം അനുഭവിക്കുന്നു. ഇവയാണു് നമ്മുടെ അവസാനദശയായ പരമാനന്ദത്തിലേക്കുള്ള യാത്രയിൽ നമുക്കു വിഘാതങ്ങളായി നിൽക്കുന്നതു്. അതുകൊണ്ടു മനുഷ്യൻ അസന്മാൎഗ്ഗികേച്ഛകൾക്കു അധീനനായാൽ അവൻ അവയുടെ അടിമയായിത്തീൎന്നു് ദൈവദത്തമായ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്നു. "ആർ പാപം ചെയ്യുന്നുവോ അവൻ പാപത്തിന്റെ അടിമയായിത്തീരുന്നു" (യോഹന്നാൻ ൮. ൩൪) "അവനവന്റെ മനശ്ശക്തിയെ സ്വാധീനമാക്കി ക്രമപ്പെടുത്തുന്നവൻ പട്ടണങ്ങളെപ്പിടിക്കുന്നവനേക്കാൾ ധീരനാകുന്നു." വാസ്തവസ്വാതന്ത്ര്യം തെററിൽനിന്നോ തെററിലേക്കുള്ള വഴിയിൽനിന്നോ വിമുക്തനായിരിക്കുന്നതിലാണടങ്ങിയിരിക്കുന്നതു്. "നിങ്ങൾക്കു സത്യം വെളിപ്പെടുത്താം. സത്യം നിങ്ങളെ സ്വതന്ത്രരാക്കും." (യോഹന്നാൽ ൮. ൩൨.) "കൎത്താവിന്റെ അരൂപി എവിടെയോ അവിടെ സ്വാതന്ത്ര്യം ഉണ്ടു്." (കോറന്ത്യാ. ൩. ൧൭.)

ഫാദർ ജോസഫ് സി. പഞ്ഞിക്കാരൻ
എം. ഏ.

# വേദപുസ്തകപാരായണം.

## V. സ്നേഹത്തിന്റെ ഫലങ്ങൾ.

തീയുള്ളപ്പോൾ ചൂടും വെട്ടവും ഉണ്ടാകുന്നതുപോലെ, ഒരുവനിൽ ദൈവസ്നേഹവും സഹോദരസ്നേഹവും ഉണ്ടെങ്കിൽ അതിന്റെ ഫലങ്ങളായ പ്രവൃത്തികൾ ഉണ്ടായെ മതിയാവൂ. ഇരുമ്പു സ്വഭാവത്താലെ കടുപ്പമുള്ള ഒരു സാധനമാണ്. അതു തീയിൽവച്ചു പഴുപ്പിച്ചാൽ, അഗ്നിമയമായിത്തീരുന്നു; ചൂടും വെട്ടവും മയവും അതിന്നുണ്ടാകുന്നു. ഇപ്രകാരം പാപത്താൽ മൃഗതുല്യനായ ഒരു മനുഷ്യൻ തന്നെയും മനസ്താപപ്പെട്ടു സൃഷ്ടികളോടുള്ള സ്നേഹത്തിൽനിന്നു പിന്മാറി ദൈവസ്നേഹത്തിൽ പ്രവേശിച്ചുകഴിയുമ്പോൾ, ഇരുമ്പുകട്ട തീക്കട്ടയായതുപോലെയുള്ള പകർച്ചകൾ കാണപ്പെടും.

൧) ഒന്നാമതുതന്നെ ലൌകികസന്തോഷങ്ങൾ മായങ്ങളാണെന്നു ഗ്രഹിച്ച് അവയെ ത്യജിച്ച് ഹൃദയസമാധാനവും ആത്മികാനന്ദവും പ്രാപിക്കുന്നു. "ദൈവരാജ്യം തീനും കുടിയുമല്ല, പിന്നയോ നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ ആനന്ദവുമാകുന്നു." (റോമാക്കാർ. ൧൪. ൧൭)

൨) ദൈവസ്നേഹമുള്ളവൻ ശരീരദുരാശകളെ ത്യജിച്ച് അവയ്ക്കെതിരായ പുണ്യങ്ങളെ അനുസരിക്കുന്നു. വിശുദ്ധ പൌലോസ് ഗാലാത്യർക്കു എഴുതിയ ലേഖനം ൫-ാം അദ്ധ്യായത്തിൽ ശരീര ദുരാശകളെയും അവയ്ക്കെതിരായ പുണ്യങ്ങളെയും വിവരിച്ചു കാട്ടിയശേഷം അവയുടെ സംഗ്രഹം ഈ ചുരുങ്ങിയ വാക്യത്തിൽ അടക്കിക്കൊള്ളുന്നു. "മ്ശിഹായുടെ ആളുകളായിരിക്കുന്നവർ തങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടുകൂടെയും തിന്മകളോടുകൂടെയും കുരിശിൽ തറച്ചിരിക്കുന്നു." (ഗാലാത്യർ ൫. ൨൪)

൩) സ്നേഹിതൻ തന്റെ സ്നേഹിതനോടു സംസാരിപ്പാൻ ഇഷ്ടപ്പെടുന്നതുപോലെ, ദൈവത്തെ സ്നേഹിക്കുന്നവൻ ജപങ്ങളിലും മററു പുണ്യപ്രവൃത്തികൾ ചെയ്യുന്നതിലും സന്തോഷപ്പെടുന്നു. "ഞങ്ങളുടെ സംയോജ്യത പിതാവിനോടും അങ്ങേ പുത്രനായ ഈശോ മ്ശിഹായോടുംകൂടെ ആയിരിക്കുന്നു" (യോഹന്നാൻ ൧. ൩) എന്ന് വിശുദ്ധ യോഹന്നാൻ എഴുതിയിരിക്കുന്നു. ഇൻഡ്യയുടെ രണ്ടാം ശ്ലീഹായായ വിശുദ്ധ ശവരിയാർ "പരിശുദ്ധതമത്രിത്വമേ! ഈശോയേ! എന്റെ സ്നേഹമേ!" എന്നു എല്ലാപ്പോഴും ചൊല്ലിക്കൊണ്ടുവന്നിരുന്നു. മററു പുണ്യവാന്മാരും ഇപ്രകാരമുള്ള ഓരോ 'സുകൃതജപ'ങ്ങളെ സദാ ചൊല്ലിക്കൊണ്ടു ദൈവത്തോടു ഒന്നിച്ച് ജീവിച്ചുവന്നു.

൪) സാക്ഷാൽ സ്നേഹമുള്ളവൻ ദൈവത്തെപ്രതി സ്വസഹോദരങ്ങൾക്കു ഏതുവിധ സഹായോപകാരങ്ങളും ചെയ്തുകൊടുപ്പാൻ സന്നദ്ധനായിരിക്കുന്നു. ഭിക്ഷക്കാർക്കു അന്നവസ്ത്രാദികൾ കൊടുക്കുന്നതിലും, അറിവില്ലാത്തവരെ രക്ഷയുടെ വഴി പഠിപ്പിക്കുന്നതിലും, മരിച്ചവർക്കുവേണ്ടി അപേക്ഷിക്കുന്നതിലും ജാഗ്രതയുള്ളവനായിരിക്കുന്നു. മനോഗുണപ്രവൃത്തികൾ പതിന്നാലിൽ തനിക്കു ചെയ്വാൻ പാടുള്ളതിനെ അത്യുത്സാഹത്തോടെ നടത്തിവരുന്നു. ഇതു വളരെ ലാഭമുള്ള ഒരു കച്ചവടമാകുന്നുവെന്നു കർത്താവ് അരുളിച്ചെയ്ത വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

൫. ദൈവസ്നേഹവും സഹോദരസ്നേഹവുമുള്ള മനുഷ്യൻ വളരെ മര്യാദയുള്ളവനാകുന്നു. ദൈവത്തിന്നും മനുഷ്യർക്കും ഇഷ്ടപ്പെട്ടവനായി സമാധാനത്തോടെ ജീവിക്കയും ചെയ്യുന്നു. ഇതിന്റെ ന്യായം വിശുദ്ധ പൌലോസ് കൊറിന്ത്യർക്കു എഴുതിയ ൧-ാം ലേഖനം ൧൩-ാം അദ്ധ്യായത്തിൽ വ്യക്തമായി കാണിച്ചിട്ടുണ്ട്. "സ്നേഹം ദയയുള്ളതും ക്ഷമയുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല. അഹങ്കരിക്കുന്നില്ല; അക്രമമായി വർത്തിക്കുന്നി

ല്ല; തൻകാര്യം അന്വേഷിക്കുന്നില്ല; കോപത്തിന്നു ഒരിക്കലും അധീനയല്ല, തിന്മ വിചാരിക്കുന്നില്ല; അനീതിയിൽ സന്തോഷിക്കുന്നില്ല; സത്യത്തോടുകൂടെ സന്തോഷിക്കുന്നു; എല്ലാം സഹിക്കുന്നു; എല്ലാം വിശ്വസിക്കുന്നു. എല്ലാററിലും ശരണപ്പെടുന്നു; എല്ലാം ക്ഷമയോടെ സഹിക്കുന്നു" (൧ കൊറിന്ത്യർ ൧൩. ൪. ൭) ഈവിധ ലക്ഷണങ്ങളോടുകൂടിയുള്ളവൻ സകലരാലും മതിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുമെന്നതിന്നു സംശയമില്ല.

൯. "സ്നേഹത്തിൽ നിൽക്കുന്നവൻ ദൈവത്തിൽ നിൽക്കുന്നു, ദൈവം അവനിൽ നിൽക്കയും ചെയ്യുന്നു" എന്നു വിശുദ്ധ യോഹന്നാൻ ൧-ാം ലേഖനം ൪-ാം അദ്ധ്യായം ൧൬-ാം വാക്യത്തിൽ പറയപ്പെട്ടിരിക്കയാൽ സ്നേഹിക്കുന്നവനിൽ റൂഹാദക്കുദശാ തമ്പുരാന്റെ ഫലങ്ങൾ പന്ത്രണ്ടും ഒരു വിളനിലത്തിൽ എന്നപോലെ പ്രകാശിക്കുന്നു. ഈ പന്ത്രണ്ടു ഫലങ്ങളെ വിശുദ്ധ പൌലോസ് ഗാലത്യക്കുള്ള ലേഖനം ൫-ാം അദ്ധ്യായം ൨൨-ാം വാക്യത്തിൽ ഇപ്രകാരം വിവരിക്കുന്നു: അരൂപിയുടെ ഫലങ്ങൾ: ഉപവി, ആനന്ദം, നിരപ്പു, ക്ഷമ, ദീർഘശാന്തി, നന്മ, കനിവു, ഇണക്കം, വിശ്വാസം, വിനയം, അടക്കം, ആശയടക്കം, വിരക്തി എന്നിതുകളാകുന്നു" (ഗാലത്ത്യർ ൫. ൨൨)

൰. ശരിയായി സ്നേഹിക്കുന്നവൻ ക്രിസ്തീയ പുണ്യസാംഗോപാംഗം പ്രാപിച്ചിരിക്കുന്നു. വിശുദ്ധ തോമ്മാസ് അക്വീനാസ്, വിശുദ്ധ പ്രാൻസിസ്സ്ലാസ് ദെസാലെസ്, വിശുദ്ധ അല്ലോൻസ് ലിഗോരി ആദിയായ മല്പാന്മാരും പുണ്യജീവിതത്തിന്റെ മഹാ ഗുരുക്കന്മാരായ തോമ്മാസ് അകെമ്പീസ, അല്ലോൻസ് റൊദ്രീഗെസ്, സ്കുരമേല്ലി തുടങ്ങിയുള്ള ജഗൽപ്രസിദ്ധരായ ഗ്രന്ഥകർത്താക്കളും ക്രിസ്തീയ പുണ്യപൂർണ്ണത സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു എന്നു പഠിപ്പിക്കുന്നു. ഈ പഠനം വേദപുസ്തകത്തിൽ ബലമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. "സ്നേഹം സാംഗോപാംഗത്തിന്റെ ബന്ധനമാകുന്നു" എന്നു കൊളൊസ്യക്കുള്ള ലേഖനം ൩-ാം അദ്ധ്യായം ൧൪-ാം വാക്യത്തിലും, "സ്നേഹം പ്രമാണത്തിന്റെ തികവാകുന്നു" എന്നു റോമ്മാക്കാർക്കുള്ള ലേഖനം ൧൩-ാം അദ്ധ്യായം ൧൦-ാം വാക്യത്തിലും പറയപ്പെട്ടിരിക്കുന്നു. "പ്രമാണത്തിന്റെ അന്ത്യം ശുദ്ധ ഹൃദയത്തോടും നല്ല മനസ്സാക്ഷിയോടും നിർവ്യാജ വിശ്വാസത്തോടും കൂടിയുള്ള സ്നേഹമാകുന്നു, എന്നു തിമൊത്തെയൊസിന്നുള്ള ൧-ാം ലേഖനം ൧-ാം അദ്ധ്യായം ൫-ാം വാക്യത്തിൽ പറയപ്പെടുന്നു. എത്രയും സാരമേറിയ ഈ പഠനത്തിന്റെ മുദ്രാവാക്യം നമ്മുടെ കർത്താവീശോമ്ശിഹായുടെതായിരിക്കട്ടെ. പത്തുപ്രമാണങ്ങളുടെ സംഗ്രഹവും, മൂശയുടെ പഞ്ചഗ്രന്ധത്തിലടങ്ങിയ സകല പ്രമാണങ്ങളുടെ സാരാംശവും, മററു വേദഭാഗങ്ങളുടെ സംക്ഷേപവും സ്നേഹത്തിൽ അടങ്ങിയിരിക്കുന്നു എന്നു വിശുദ്ധ മത്തായി സുവിശേഷം ൨൨-ാം അദ്ധ്യായം ൪൦-ാം വാക്യത്തിൽ നമ്മുടെ ദിവ്യ ഗുരു അരുളിച്ചെയ്തിരിക്കുന്നു.

൧൧. സ്നേഹം അഭിവൃദ്ധി പ്രാപിക്കുന്ന അളവിന്നു തക്കവണ്ണം പുണ്യയോഗ്യതയും വൎദ്ധിക്കുന്നു. ഇഹത്തിൽ നാം സമ്പാദിക്കുന്ന ഈ സ്നേഹാഭിവൃദ്ധിയേയും ഇതിന്നനുസരണമായ പുണ്യയോഗ്യതയുടെ വൎദ്ധനവിനേയും ആശ്രയിച്ചാകുന്നു മോക്ഷാനന്ദത്തിൽ ഓരൊ ഉന്നത പദവികൾ നമുക്കു സിദ്ധിക്കുന്നതു്. ഒരു തിരിയിന്മേൽ കത്തിനിൽക്കുന്ന തീ അല്പമേയുള്ളു. എന്നാൽ കത്തുപിടിക്കുന്ന സാധനങ്ങളായ എണ്ണയും വിറകും ധാരാളം കൂട്ടിവച്ചുകൊടുത്താൽ ആ അല്പമായ അഗ്നി ഒരു വലിയ തീച്ചൂളപോലെ വൎദ്ധിക്കുന്നതാണ്. ഇപ്രകാരം പുണ്യജീവിതം ആരംഭിക്കുന്നവനിൽ തിരിയിന്മേൽ കത്തിനിൽക്കുന്ന തീയ്ക്കുതുല്യം ദൈവസ്നേഹം ഉണ്ടാകാം. നന്മപ്രവൃത്തികളാലും ദിവ്യകൃദാശകളുടെ സ്വീകരണങ്ങളാലും ക്രമേണ ഈ സ്നേഹം വലിയ അഗ്നിജ്വാലപോലെ വൎദ്ധിക്കാവുന്നതാണ്. ഈ ലോകത്തിൽനിന്നു ആത്മാവു് പിരിയുമ്പോൾ ദൈവസ്നേഹത്തിൽ എന്തുമാത്രം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ടോ ആ അളവിന്നൊത്തപ്രകാരമത്രെ മോക്ഷാനന്ദത്തിന്റെയും നിത്യസ്തുതിയുടെയും പദവികൾ ഉപൎയ്യുപ

രിവർദ്ധിക്കുന്നതു. ചിലർ നക്ഷത്രങ്ങളെപ്പോലെയും, ചിലർ ചന്ദ്രന്മാരെപ്പോലെയും, ചിലർ സൂര്യന്മാരെപ്പോലെയും നിത്യായുസ്സിൽ പ്രശോഭിക്കും. ഇതു സൂര്യന്റെ കീഴ ഈ അനിത്യജീവിതത്തിൽ നാം പ്രാപിക്കുന്ന ജ്ഞാനസമ്പാദ്യത്തിന്റെ അനുഭവം മാത്രമാണ്; മരണശേഷം പുണ്യയോഗ്യത സമ്പാദിപ്പാൻ നിവൃത്തിയില്ല. ആകയാൽ ഈ അനിത്യജീവിതത്തിൽ ക്ഷണഭംഗുരങ്ങളായ വെറും മായങ്ങൾക്കായി പ്രയത്നപ്പെടുന്നതിനേക്കാൾ കൂടുതൽ താല്പര്യം നിത്യനന്മകൾ സമ്പാദിക്കുന്നതിനായി വെക്കേണ്ടതാണ്. എന്നായിരുന്നാലും "ഈ ലോകത്തിന്റെ മക്കൾ വെളിവിന്റെ മക്കളേക്കാൾ ഏററം ബുദ്ധിമാന്മാരാകുന്നു" ലൂക്കാ. ൧൬. ൮.) എന്നു നമ്മുടെ കർത്താവ് അരുളിച്ചെയ്തിട്ടുള്ളപ്രകാരമത്രെ സംഭവങ്ങൾ കണ്ടുവരുന്നതു്. ലൌകികകാര്യങ്ങൾക്കായി മനുഷ്യർ പ്രദർശിപ്പിക്കുന്ന താല്പര്യവും ബുദ്ധിസാമർത്ഥ്യവും പുണ്യസമ്പാദനവിഷയത്തിൽ സാധാരണ കാണാറില്ല. ഇതു മഹാ മൌഢ്യമത്രെ.

അപ്പഴൊ ക്രിസ്തീയ ആത്മാവേ! "നിന്റെ പാർപ്പിടം സ്വർഗ്ഗത്തിലായിരിക്കണം; ലൌകികവസ്തുക്കളെ എല്ലാം നിന്റെ വഴിമദ്ധ്യേ കാണപ്പെടുന്നവയെപ്പോലെ വിചാരിക്കണം." (ക്രിസ്താനുകരണം ൧-ാം പുസ്തകം ൨൩-ാം അദ്ധ്യായം ൯-ാം ലക്കം). "ഇവിടെ നിലനില്ക്കുന്ന പട്ടണം നമുക്കില്ല" (എബ്രായക്കാർ ൧൩. ൧൪.) സൂര്യന്റെ കീഴുള്ള അല്പകാലത്തെ നിന്റെ താമസം "ഒരു ദിവസം താമസിച്ചു കടന്നുപോകുന്ന വഴിയാത്രക്കാരന്റെ ഓർമ്മപോലെയുള്ള" (ബോധജ്ഞാനം ൫. ൧൫) മാത്രമേയുള്ളൂ. നിത്യാനന്ദഗൃഹത്തിലേക്ക് സദാ നിന്റെ ദൃഷ്ടി പതിച്ചുകൊണ്ട്, അവിടെ നിന്റെ നിക്ഷേപത്തെ നീ ശേഖരിച്ചുകൊൾക. നിത്യകാലം അവിടെ നീ ഇരുപ്പാനുള്ള ഉന്നതസിംഹാസനം ഇവിടെ ഭൂമിയിൽവച്ചു നീ പണിയണം; അവിടെ നിത്യകാലം നീ ധരിപ്പാനുള്ള നീരാളനീലയങ്കിയും, രത്നങ്ങൾ പതിച്ച കിരീടവും നീ ഇവിടെവച്ചു പണുതുണ്ടാക്കണം. ഈ പണി ദൈവസ്നേഹം സഹോദരസ്നേഹം എന്നീ പുണ്യങ്ങളുടെ അനുദിനപ്രവൃത്തികൾ കൊണ്ടത്രെ നിവൃത്തിക്കേണ്ടതു. മാനുഷന്റെ ജീവിതോദ്ദേശ്യവും ഇതിലടങ്ങിയിരിക്കുന്നു. ആകാശത്തിൽ നിന്നിറങ്ങിയ ദിവ്യ ഗുരു ഈ സത്യം മലയിൽവച്ചു നടത്തിയ കീർത്തിപെട്ട പ്രസംഗത്തിൽ സകലർക്കും അറിയിച്ചിട്ടുള്ളതിനെ കേട്ടുകൊൾക: "തുരുമ്പും ഉറപ്പുഴുവും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങളെ സ്വരൂപിക്കേണ്ട. എന്നാൽ തുരുമ്പെങ്കിലും ഉറപ്പുഴുവെങ്കിലും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപങ്ങളെ സ്വരൂപിച്ചുകൊൾവിൻ. എന്തുകൊണ്ടെന്നാൽ നിന്റെ നിക്ഷേപം എവിടെയൊ അവിടെ നിന്റെ ഹൃദയവും ഇരിക്കും." (മത്തായി, ൬ ൧൯. ൨൧).

ഫാദർ അലക്സാണ്ടർ സി. ഡി.

## സൌഭാഗ്യപാഠം. (തുടർച്ച.)

ശിഷ്യൻ— ഗുരോ! ഇതിന്റെ അർത്ഥം എന്താണ്?

മ്ശിഹാ— നാം ഭക്ഷിക്കുന്ന സാധനങ്ങൾ ആത്മാവിനെ സ്പർശിക്കുന്നില്ലെന്നു നിനക്കു അറിയാമല്ലൊ. അവ വായിലൂടെ ഉള്ളിൽ കടന്നു ഒരു ഭാഗം ദേഹത്തോടു ചേരുകയും ശേഷം പുറത്തു പോകയും ചെയ്യുന്നു. എന്നാൽ വായിലൂടെ പുറത്തേക്കു ഗമിക്കുന്നവ ഹൃദയത്തിനു ഹാനിവരുത്തുന്നു. ദുഷ്ടവിചാരം, നരഹത്യ, വ്യഭിചാരം, മോഷണം, കള്ളസ്സാക്ഷി, ഏഷണി, നിഗളം, ഡംഭ് ആദിയായവ ഹൃദയത്തിൽനിന്നു ഉത്ഭൂതമാകയും ആത്മാവിനെ സർവ്വത്ര അശുദ്ധിയാക്കുകയും ചെ

യ്യുന്നു. പ്രത്യുത കൈകഴുകാതെ ഭക്ഷിച്ചതുകൊണ്ടു ആത്മാവിൻെറ നൈൎമ്മല്യത്തിന്നു ഭംഗം വരുന്നില്ല.

"വ്യഭിചാരം ചെയ്യരുതെന്നു പൂൎവ്വന്മാരോടു കല്പിച്ചിട്ടുണ്ടല്ലൊ. എന്നാൽ ഞാൻ നിന്നോടു പറയുന്നു. സ്ത്രീയെ മോഹിക്കുന്നതിനായി അവളെ വീക്ഷിക്കുന്നവർ ഹൃദയത്തിൽ അവളോടുകൂടി വ്യഭിചാരം ചെയ്യുന്നു. നിൻെറ ഒരുകണ്ണു നിനക്കു ഉതപ്പു വരുത്തുന്നെങ്കിൽ അതിനെ ചുഴന്നെടുത്തുകളക. നിൻെറ ശരീരം മുഴുവൻ നരകാഗ്നിയിൽ തള്ളപ്പെടുന്നതിനെക്കാൾ ഒരു അവയവം മാത്രം നഷ്ടപ്പെടുന്നതാണു് നല്ലതു്. വീണ്ടും "ഭാൎയ്യയെ ഉപേക്ഷിക്കുന്നവൻ അവൾക്കു ഒരു വിവാഹമോചനപത്രം കൊടുക്കട്ടെ" എന്നു പഴയ പ്രമാണത്തിൽ പറയുന്നു. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നതു്, വേശ്യാദോഷം ഹേതുവായിട്ടല്ലാതെ ഭാൎയ്യയെ ഉപേക്ഷിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു.

ശിഷ്യൻ— കൎത്താവേ! ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള ബന്ധം ഇത്ര അലംഘനീയമായിട്ടുള്ളതാണെങ്കിൽ വിവാഹം കഴിക്കാതിരിക്കയാണല്ലൊ ഉത്തമം.

മ്ശിഹാ— അതേ, എന്നിൽനിന്നു വരം ലഭിച്ചിട്ടുള്ളവർ മാത്രമെ ഈ സത്യം ഗ്രഹിക്കയുള്ളൂ. എന്തുകൊണ്ടെന്നാൽ ജനനത്താൽ തന്നെ ഷണ്ഡന്മാരായിട്ടുള്ളവരുണ്ടു്. സാഹചൎയ്യങ്ങളാൽ നിബന്ധിതരായി തങ്ങളെതന്നെ ഷണ്ഡന്മാരാക്കി തീൎക്കുന്നവരുമുണ്ടു്. എന്നാൽ ഇവരെക്കൂടാതെ സ്വൎഗ്ഗരാജ്യം പ്രാപിപ്പാൻ സ്വമനസ്സാലെ ബ്രഹ്മചൎയ്യവും ശരീരശുദ്ധിയും വ്രതമായി അനുഷ്ഠിക്കുന്നവരുമുണ്ടു്. മനസ്സുള്ളവർ ഈ ഉപദേശത്തെ സ്വീകരിച്ചുകൊള്ളട്ടെ.

ഏതുപ്രകാരമായാലും ഹൃദയ പരിശുദ്ധിയുള്ളവർ മാത്രമെ സൌഭാഗ്യവാന്മാരായി തീരുകയുള്ളൂ. അവർ ദൈവത്തെ അറികയും തന്നെ ദൎശിക്കയും ചെയ്യുന്നു. നീ സൌഭാഗ്യത്തെ കാംക്ഷിക്കുന്നു എങ്കിൽ ജഡത്തിൻെറ അടിമയിൽ ജീവിക്കരുതു്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവർ ആത്മിക സംഗതികളെ അന്വേഷിക്കുന്നു. പ്രത്യുത ജഡത്തിനു അടിമകളായി ജീവിക്കുന്നവർ ജഡസംബന്ധമായ കാൎയ്യങ്ങളിൽ ജാഗരൂകന്മാരായിരിക്കുന്നു. അവർ ദൈവത്തിൻെറ ശത്രുക്കളും തന്നെ സന്തോഷിപ്പിക്കുവാൻ അപ്രാപ്തരുമാകുന്നു. ദൈവം അവൎക്കു വെളിപ്പെടുകയില്ല. അരൂപിയായ ദൈവത്തെ അവർ അറികയുമില്ല. ആദ്ധ്യാത്മിക സംഗതികളിൽ അവൎക്കു അഭിരുചിയുമില്ല.

ആകയാൽ പ്രിയ പുത്രാ, നീ ജഡത്തിനു വശംവദനാകാതെ പരിശുദ്ധാത്മാവിൻെറ ഉപദേശാനുസരണം ജീവിക്കുക. നിൻെറ ഹൃദയം നിഷ്കളങ്കനായ ഒരു കുട്ടിയുടെ ഹൃദയംപോലെ നിൎമ്മലമായിരിക്കണം. അപ്പോൾ നീ ദൈവത്തെ അറികയും തന്നെ ദൎശിക്കയും ചെയ്യും. നിത്യമായ ജീവനും സുസ്ഥിരമായ സന്തോഷവും സമാധാനവും അഹ്ളാദപ്രദമായ സൌഭാഗ്യവും നിനക്കു ലഭ്യമാകും.

ഫാദർ ഡൊമ്നിക്കു തോട്ടാശ്ശേരി
ബി. ഏ. (ഓണേഴ്സ്)

## ഞങ്ങളുടെ കഥാപംക്തി.

### ഒരനുഗ്രഹം.

എൻെറ ശരീരത്തിൽ നിസ്സാരമായി ഉത്ഭവിച്ചതും സാരമില്ലെന്നു കരുതിയിരുന്നതുമായ ഒരു "പരു" മാൎച്ച്മാസമായപ്പൊഴേക്കും പെട്ടെന്നു വൎദ്ധിക്കയും വിഷമാവസ്ഥയിലാവുകയും ചെയ്കയാൽ, സ്ഥലത്തെ ഗവൎമ്മെൻറു ഡോക്ടരുടെ അടുക്കൽ കാണിച്ചു. അദ്ദേഹം പരിശോധിച്ചതിൽ ബോധ്യംകെടുത്തി "ആപ്രേഷൻ"മൂലമേ ഭേദപ്പെടുത്തിക്കൂടുയെന്നും പ

റഞ്ഞതനുസരിച്ച് ഞാൻ പ്രധാനാശുപത്രിയിൽ ചെന്നു. ഡോക്ടർ ദീനസ്ഥിതി പരിശോധിച്ചതിൽ പത്തുദിവസങ്ങൾക്കു ശേഷം 'ആപ്രേഷൻ' ചെയ്യാമെന്നു പറഞ്ഞതിനാൽ അവിടെത്തന്നെ താമസമാക്കി. എന്നാൽ ദീനത്തിന്റെ അപകടാവസ്ഥയും ആപ്രേഷൻമൂലം ദീനം ഭേദപ്പെട്ടുമോ എന്നുള്ള സംശയവും വേദനയുടെ ശക്തിയും ഓർത്തു നിരാശനായി. എങ്ങിനെയെങ്കിലും ആശുപത്രിയിൽനിന്ന് ആരുമറിയാതെ ഇറങ്ങിപ്പുറപ്പെടണമെന്നും വീട്ടിൽച്ചെന്നു ബന്ധുമിത്രാദികളേയും കണ്ട് രോഗപീഡകളുമെല്ലാം അനുഭവിച്ചു നല്ല ഒരുക്കത്തോടുകൂടെ മരിച്ചുകൊള്ളാമെന്നു തീർച്ചയാക്കുകയും ഈ വിവരം എന്റെകൂടെ ഉണ്ടായിരുന്ന അപ്പനോടു അറിയിക്കയും ചെയ്തു. അപ്പൻ ഇതിനൊട്ടും സമ്മതിച്ചില്ലെന്നുതന്നെയല്ല, തക്ക സമാധാനം പറഞ്ഞ് എന്നെ സമ്മതിപ്പിക്കയും അടുത്ത ദിവസം ഒരു തിരുഹൃദയവണക്കമാസപ്പുസ്തകം വാങ്ങിക്കൊണ്ടുവന്നു എനിക്കു തന്ന് "നിവൃത്തിയുള്ളപ്പോഴൊക്കെയും നീ ഇതിൽ നോക്കി കുറേശ്ശെ വായിച്ചുകൊള്ളണം" എന്ന് ആജ്ഞാപിക്കയും ചെയ്തു. ഞാൻ അതനുസരിച്ചു പ്രവർത്തിക്കയും തൻമൂലം എന്റെ മനോദുഃഖം കുറേ ശമിക്കയും സാമാന്യമായ ധൈര്യവും ഉറപ്പും ഉണ്ടാവുകയും ഉടൻതന്നെ ഞാൻ ഈശോയുടെ തിരുഹൃദയത്തിൻപക്കൽ ഇങ്ങനെ അപേക്ഷിക്കയും ചെയ്തു. "ആ, എന്റെ ഈശോയുടെ കൃപാധിക്യമുള്ള തിരുഹൃദയമേ, എനിക്കു പിടിപെട്ടിരിക്കുന്ന ഈ അപകടമുള്ള രോഗത്തിലും ഇതിനെ പരിഹരിക്കാനായി ചെയ്യുന്ന ശസ്ത്രക്രിയകളിലും യാതൊരു അപകടവും വരാതെ എന്നെ സുഖപ്പെടുത്തുന്നതിന് അങ്ങേ കൃപാകടാക്ഷം എന്റെമേലുണ്ടാകണമേ". ദീനം സുഖപ്പെട്ടപ്പോൾ വിവരം 'കർമ്മലകുസുമ'ത്തിൽ പ്രസിദ്ധം ചെയ്യുന്നതിന് എഴുതി അയച്ചുകൊള്ളാമെന്നും നിശ്ചയിച്ചു. ഭയത്തോടുകൂടിയെങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിശ്ചിതദിവസം 'ആപ്രേഷൻ' മുറിയിൽ പ്രവേശിച്ചു. ഓ! ആശ്ചര്യമേ! ഈശോയുടെ തിരുഹൃദയത്തിൻ കൃപാധിക്യമേ, എനിക്കു യാതൊരപകടമാകട്ടെ അല്പമായ വേദനയാകട്ടെ കൂടാതെ പരു ചുവടേ പിഴുതെടുക്കപ്പെട്ടു. വിശേഷിച്ചും 'ആപ്രേഷൻ' നടത്തുകയിൽ ഇതിന്റെ ആദ്യവസാനം എന്റെ സ്വന്ത ഇടവകക്കാരനും കുമ്പസാരക്കാരനുമായ ഒരു ബ. അച്ചന്റെ സാന്നിദ്ധ്യംകൂടി ഉണ്ടായിരുന്നു. ഇപ്രകാരം ഞാൻ ഒരുമാസംവരെ ആശുപത്രിയിൽ താമസിച്ചുശേഷം സുഖമായി വീട്ടിലേക്കു മടങ്ങുകയും ചെയ്തു.

"ഈശോയുടെ തിരുഹൃദയം എല്ലായിടത്തും എല്ലാവരാലും എല്ലായ്പോഴും സ്തുതിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുമാറാകട്ടെ. ഈശോയുടെ പരിശുദ്ധ ഹൃദയമേ, അങ്ങേ രാജ്യം വരേണമെ."

ഇതു 'കുസുമ'ത്തിൽ പ്രസിദ്ധംചെയ്യണമെന്നപേക്ഷ.

വി. എം. പാലാ.

## വേറൊരനുഗ്രഹം.

"ഈശോയുടെ തിരുഹൃദയമേ, എന്റെ ശരണം നിന്നിൽ വച്ചിരിക്കുന്നു.

ഈ "സുകൃതജപ"ത്തിനു ഏതാനുംകാലമായിട്ടു, ലോകസാമാന്യമായ പ്രചാരം സിദ്ധിച്ചിട്ടുണ്ടു. ഇതിന്റെ ചരിത്രം അറിയുന്നതു വായനക്കാർക്കു കൌതുകാവഹമായിരിക്കുമെന്നു വിചാരിക്കുന്നു.

൧൯൦൨-ൽ ഫാദർ വാൻപെറേറജൻ എസ്. ജെ. അവർകൾ ഫ്രാൻസിൽവച്ചു ഒരു ധ്യാനം നടത്തുകയുണ്ടായി. ഫ്രാൻസിൽ വേദപീഡനം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ച ഒരു ഘട്ടമായിരുന്നു അതു. സന്യാസികളേയും കന്യാസ്ത്രീകളേയും വൈദികരേയും, വിശ്വാസികളേയും, ഒരുപോലെ പീഡിപ്പിച്ചും ബഹിഷ്കരിച്ചുംവന്നിരുന്നു. നിരീശ്വരഗവൺമെണ്ടിന്റെ ഈ നിർദ്ദയമായ മർദ്ദനത്തിൽനിന്നു മോചനം കിട്ടുന്നതിനുവേണ്ടി "ഈശോയുടെ തിരുഹൃദയമെ എന്റെ ശരണം നിന്നിൽ വച്ചിരിക്കുന്നു" എന്നു എല്ലാവരും ഹൃദയപൂർവ്വം പ്രാർത്ഥിക്കണമെന്നു ധ്യാനഗുരുവായ ഫാദർ പെറേറജൻ ഉപദേശിക്കയുണ്ടായി.

ഈ ഉപദേശാനുസരണം ചെയ്തു

വക്കു പ്രത്യക്ഷമായ ഫലം കണ്ടുതുടങ്ങി. അതിനാൽ മററുള്ളവരും തദനുചാർത്തനത്തിൽ ഉൽസുകന്മാരായി കാണപ്പെട്ടു. വലിയ കാലതാമസംകൂടാതെ അതു വനവഹ്നിപോലെ വ്യാപിച്ചു. ഉടനെ തന്നെ ഏതാനുംപേര ചേർന്ന് ഈ ചെറിയ ജപത്തെ കാർഡുകളിലും തുണ്ടുകടലാസുകളിലും ⁕ അടിപ്പിച്ചു വിതരണംചെയ്യുകയും ആശുപത്രി, ആതുരശാല മുതലായ സ്ഥാപനങ്ങളുടെ വാതിലുകളിന്മേൽ തൂക്കിയിടുകയും പററിക്കയുംചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ അമ്പതിനായിരത്തിൽപരം കാർഡ് ചെലവായിയെന്നു പറയുമ്പോൾ, ഇതിൻെറ പ്രചാരം ഊഹിക്കാവുന്നതാണ്. സഭയുടെ അംഗീകരണവും ഇതിനുണ്ടെന്നുള്ളതിന്, പത്താം പിയൂസ് മാർപ്പാപ്പാ കല്പിച്ചനുവദിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങൾ തന്നെ തെളിവാണ്.

ഈ ജപം പാപികളുടെ മനസ്സുതിരിവിനു പ്രത്യേകവിധത്തിൽ പററുന്നതാണെന്നു അടിയിൽ ചേർക്കുന്ന സംഭവങ്ങൾ വ്യക്തമാക്കും. ഇവ ഫാദർ പെറേറജൻെറ തന്നെ അനുഭവത്തിൽ പെട്ടവയാണ്. അദ്ദേഹം ഒരു ഫ്രഞ്ചുമാസികയിലേക്കു എഴുതിയ ലേഖനത്തിൻെറ ശരിതർജ്ജമ ചുവടെ ചേർക്കുന്നു.

"വിശ്വാസവും മതാചാരവും നിശ്ശേഷം പരിത്യജിച്ചു നടന്നിരുന്ന ഒരു യുവാവിനെപ്പററി ചിലർ എൻെറ അടുക്കൽ പറകയുണ്ടായി. അവൻെറ സ്ഥിതി പരിമിതമല്ലാത്ത പരിങ്ങലിലായിരുന്നു. ദൈവത്തെ ഉപേക്ഷിച്ചതിനോടുകൂടി മനസ്സുഖവും തീരെ വിട്ടുമാറി. നിരാശാകൂപത്തിൻെറ വക്കത്താണ് അവൻ ചവിട്ടിനിന്നിരുന്നത്. ആത്മഹത്യചെയ്യുന്നതിനുപോലും ചിലപ്പോഴെല്ലാം ഒരുങ്ങിയിട്ടുണ്ടെന്നു അവൻ തന്നെ ഏററു പറയുന്നു. ദുർഭഗനായ ഈ യുവാവിൻെറപേക്കു എഴുതാനിരുന്ന ഒരാളിനോടു, എഴുത്തിൽ ഒരു തിരുഹൃദയഛായ കൂടി അടക്കം ചെയ്യുകയുന്നതിനു ഞാൻ ശട്ടം കെട്ടി. പടത്തിൻെറ അടിയിൽ "ഈശോയുടെ തിരുഹൃദയമെ! എൻെറ ശരണം നിന്നിൽ വച്ചിരിക്കുന്നു." എന്ന ജപവും എഴുതപ്പെട്ടിരുന്നു. ഏറെത്താമസിയാതെ, നമ്മുടെ യുവാവിനെ നേരിട്ടുകാണുന്നതിനു എനിക്കു സംഗതിയായി. സംഭാഷണമദ്ധ്യേ ഈശോയുടെ തിരുഹൃദയത്തിനു നമ്മുടെ നേരെയുള്ള നിസ്സീമസ്നേഹത്തെപ്പററി അവനോടു സമഷ്ടിയായി പറകയുണ്ടായി. എന്നാൽ അവൻ മൂകനായിനിന്നതല്ലാതെ, ഒന്നും തന്നെ പറഞ്ഞില്ല. രസിക്കാതെ പോയെങ്കിലോ എന്നു വച്ച്, ഞാൻ നിർബന്ധിച്ചതുമില്ല. ......രണ്ടാഴ്ച കഴിഞ്ഞു അയാൾ എൻെറ പേർക്കയച്ച ഒരെഴുത്തിൻെറ സാരം ഇപ്രകാരമായിരുന്നു. അച്ചൻ കൊടുത്തയച്ച പടത്തിൻെറ ചുവട്ടിലുള്ള ചെറുജപം ഞാൻ ചൊല്ലിവരുന്നുണ്ടു്. എൻെറ താല്ക്കാലികാവസ്ഥയെപ്പററി ഒന്നും പറയാനില്ല. ഇതിനേക്കാൾ പരിതാപകരമായ ഒരവസ്ഥ മററാർക്കെങ്കിലും ഉണ്ടാവാൻ പാടുണ്ടോയെന്നു ഊഹിക്കപോലും വയ്യാ. "വിഷ്ണുമൂട്ടി" ചാവാൻപോകുന്നതുപോലെ എനിക്കു ചിലപ്പോൾ തോന്നിപ്പോകുന്നു... ഇങ്ങിനെയെല്ലാമാണ് എൻെറ സ്ഥിതിയെന്നു ഏററു പറയാതെ കഴികയില്ലാ..." ഇതിനു ഞാൻ ഉടനെ മറുപടി അയച്ചു. അതിപ്രകാരമായിരുന്നു. "എൻെറ ഉപദേശാനുസരണം തിരുഹൃദയത്തോടു പ്രാർത്ഥിച്ചതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ഇതു നിങ്ങളുടെ രക്ഷാമാർഗ്ഗമായിത്തീരുമെന്നു ഞാൻ ഉറപ്പുപറയുന്നു. പരപ്രേരണകൂടാതെ ഇത്രയും തുറന്നു പറഞ്ഞിട്ടുള്ള നിങ്ങളോടു ഞാൻ ഇനി ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇത്രടംവന്നു പാപോച്ചാരണം കഴിക്കുക. ഹൃദയസമാധാനവും മനസ്സന്തുഷ്ടിയും ഉണ്ടാകുമോയെന്നു അപ്പോൾ അനുഭവമാകും. വരിക, നിങ്ങളെ കാണുന്നതു എനിക്കു എത്രയും സന്തോഷാവഹമായിരിക്കും.

ഉടനെ കിട്ടിയ അയാളുടെ മറുപടിയിൽ ഇങ്ങിനെയാണു പ്രസ്താവിച്ചിരു

⁕ ൩൦൦ ദിവസത്തെ ദണ്ഡവിമോചനമുള്ള "ഈശോയുടെ എത്രയും പരിശുദ്ധ ഹൃദയമേ, ഞങ്ങളുടെ കുടുംബങ്ങളെ നീ സംരക്ഷിക്കേണമെ" എന്നുള്ള സുകൃതജപം പ്രത്യേക കടലാസിൽ മനോഹരമായവിധത്തിൽ ഇവിടെ അടിപ്പിച്ചിട്ടുണ്ട്.

ന്നത്. "ഇപ്പോൾ അച്ചന്റെ ജപോച്ചാരണത്തിൽ എനിക്കു പൂൎവ്വാധികം സുഖമുണ്ട്. അങ്ങോട്ടു വരുന്നതിനു ഒരു തിയതി കുറിക്കട്ടെയോ? എങ്ങിനെയും ആരംഭിച്ച കാൎയ്യം പൂൎത്തിയാക്കണമെന്നാണ് എന്റെ താല്പൎയ്യം." ഇതിൻപ്രകാരം ഒരു ദിവസം നിശ്ചയിച്ചു. നമ്മുടെ കഥാനായകൻ നിശ്ചിതസമയത്തു വന്ന് ഏററം ഹൃദയപൂൎവ്വമായ ഒരു കുമ്പസാരം കഴിച്ച് നവജീവിതമാരംഭിക്കയും ചെയ്തു.

ഇപ്രകാരംതന്നെ വിസ്മയനീയമായ മറെറാരു സംഭവത്തെപ്പററി ൧൯൦൯ ഏപ്രിൽ ൨൫-ാംനു- എനിക്കൊരു കത്തുകിട്ടി. അതിലെ സാരം മാത്രം ഇവിടെ ചേൎക്കുന്നു. തോന്ന്യാസജീവിതമായി കാലം കഴിച്ചുവന്നിരുന്ന ഒരു യുവതിക്കു അപ്രതീക്ഷിതമായി ക്ഷയരോഗം പിടിപെട്ടു. രോഗത്തിൽ നിന്നു രക്ഷപ്രാപിക്കുന്ന കാൎയ്യം അസാദ്ധ്യമായി തോന്നി. എങ്കിലും അന്തിമക്രദാശകൾ മുതലായവ കൈക്കൊള്ളുന്നതിൽ അവൾക്കു അശേഷം താല്പൎയ്യമില്ലായിരുന്നു. മാത്രമല്ല അതെല്ലാം പരിഛേദം വെറുത്തുപറകകൂടി ചെയ്തു. അവൾ താമസിച്ചിരുന്ന സ്ഥലത്തു ഭക്തിസംവൎദ്ധകങ്ങളായ യാതൊരു വസ്തുവും ഉണ്ടായിരുന്നില്ല. അവളുടെ സമ്മതത്തോടുകൂടി തിരുഹൃദയത്തിന്റെ ഒരു പടം (എന്റെ പേക്കെഴുതയച്ചയാൾ) അവിടെ വച്ചും വച്ചു പോയി. "ഈശോയുടെ തിരുഹൃദയമെ! എന്റെ ശരണം നിന്നിൽ വച്ചിരിക്കുന്നു" എന്നുള്ള 'സുകൃതജപ'വും ഈ രൂപത്തിന്റെ ചുവട്ടിലെഴുതപ്പെട്ടിട്ടുണ്ടായിരുന്നു. ഗുണവതിയായ ഈ സ്ത്രീരത്നം പിറെറദിനവും ദീനക്കാരിയെ കാണുന്നതിന്നായി ചെന്നു. അവളുടെ ആത്മീയകാൎയ്യങ്ങൾ തന്നെ അപ്പോഴും സംസാരവിഷയമായി എടുത്തു. ഇപ്രാവശ്യമാകട്ടെ അവൾ യാതൊരു തടസ്സവും പറഞ്ഞില്ല. അച്ചനെ വരുത്തുന്നതിനു അവൾ നിൎബന്ധപൂൎവ്വം ആവശ്യപ്പെടുകയാണ് ചെയ്തത്. അന്നു വൈകുന്നേരം വികാരിയച്ചൻ വന്നു കുമ്പസാരം നടത്തി. പിറെറദിവസം രാവിലെ വി. കുൎബാന തിരുപാഥേയമായി കൈക്കൊള്ളുകയും, അന്ത്യലേപനമാദിയായ അവസാനാനുഗ്രഹങ്ങൾ യഥായോഗ്യം കൈക്കൊണ്ടു ഭാഗ്യമരണം പ്രാപിക്കയും ചെയ്തു. ഇങ്ങനെയുള്ള അനേകം കത്തുകൾ എനിക്കു കിട്ടിയിട്ടുണ്ട്. തല്ക്കാലം ഇത്രയും കൊണ്ടു നിറുത്തുന്നു.

പാലാത്തു മത്തായിക്കത്തനാർ.

# ചോദ്യോത്തരപ്പെട്ടി.

കൎമ്മലകുസുമം പത്രാധിപരവർകൾക്ക്.

സർ,— മററു ശ്ലീഹന്മാരെ അപേക്ഷിച്ച് വിശുദ്ധ പത്രോസിനു മ്ശിഹായാൽ വിശേഷാൽ നൽകപ്പെട്ടിട്ടുള്ള ശ്രേഷ്ഠാധിപത്യം, റോമ്മാ മാൎപ്പാപ്പാമാരിൽ സ്ഥിതി ചെയ്യുന്നു എന്നു കത്തോലിക്കർ വിശ്വസിക്കുന്നു. ഈ വിശ്വാസം അബദ്ധരഹിതമായിരിക്കണമെങ്കിൽ, വി. പത്രോസ് റോമായിൽ പോയി അവിടെ തന്റെ ആധിപത്യമുറപ്പിച്ചു ഭരിച്ചു അവിടെത്തന്നെ മരിച്ചു എന്നുള്ളതു നിസ്സംശയമായ ഒരു ചരിത്രസംഭവമായിരിക്കേണ്ടയോ? എന്നാൽ ചരിത്രവിദഗ്ദ്ധന്മാരിൽ പലരും ഇതിനെ നിഷേധിക്കുന്ന സ്ഥിതിക്കു റോമാ മാൎപ്പാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ നിൎവിശങ്കം വിശ്വസിക്കുന്നതിനു എങ്ങിനെ സാധിക്കും? ഇതിന്റെ സമാധാനം അടുത്ത "കുസുമ"ത്തിൽ ചേൎത്തുകാണുന്നതിനു അപേക്ഷിക്കുന്നു,

എന്നു വിശ്വസ്തൻ.

(കുന്ദംകുളം.)

സമാധാനം.

ഒരു സംഭവത്തെ ഏതാനും ചരിത്രകാരന്മാർ നിഷേധിക്കയോ സംശയിക്കയോ ചെയ്യുന്നതുകൊണ്ട് അതിന്റെ യാഥാൎത്ഥ്യത്തിനു യാതൊരു ഭംഗവും ഉണ്ടാവാൻ പാടില്ല. പ്രത്യുത അതിന്റെ പാരമാൎത്ഥ്യത്തെ സ്ഥാപിക്കുന്നതിനു പൎയ്യാപ്തങ്ങളായ രേഖകൾ സുലഭങ്ങളാണെങ്കി

ൽ നിസ്സംശയം നാം അതിനെ സ്വീകരിക്കതന്നെ വേണം. വി. പത്രോസ്, റോമാസാമ്രാജ്യത്തിൻെറ തലസ്ഥാനപട്ടണത്തിൽ പോയി, തൻെറ ആസ്ഥാനമുറപ്പിച്ച് ൨൫ സംവത്സരത്തിൽപ്പരം അവിടെ സഭാഭരണം നടത്തിയശേഷം അന്നത്തെ ചക്രവൎത്തിയായിരുന്ന നേറോവിനാൽ പുനർജ്ജ്വലിപ്പിക്കപ്പെട്ട വേദഹിംസയിൽ രക്തസാക്ഷിയായി റോമായിൽ വച്ചു മരിച്ചു എന്ന് അനേക നൂററാണ്ടുകളോളം അനുസ്യൂതമായി ക്രിസ്തീയലോകത്തിൽ സൎവ്വത്ര അംഗീകരിക്കപ്പെട്ടുപോന്നിരുന്നു എന്നുള്ളതുതന്നെ അതിൻെറ യാഥാൎത്ഥ്യത്തെ ലക്ഷീകരിക്കുന്ന ഒന്നാംതരം സാക്ഷ്യമാണ്. സുപ്രസിദ്ധന്മാരും സത്യസന്ധന്മാരുമായ പ്രാചീനഗ്രന്ഥകൎത്താക്കന്മാർ എല്ലാവരും തന്നെ ഈ വസ്തുതയെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധ ഇരെനേയൂസ്, എവുസേബിയൂസ്, അലെക്സാന്ത്ര്യായിലെ ഡയനോംഷ്യസ്, അലെക്സാന്ത്ര്യായിലെ ക്ലേമെൻറ്, ഹിയെറോപ്പൊലിസിലെ പപ്പിയാസ്, അന്തിയോഖ്യായിലെ ഇഗ്നാസിയൂസ്, റോമാക്കാരനായ ക്ലേമെൻറ് ആദിയായി മിക്കവാറും എല്ലാ പുരാതന സഭാപിതാക്കന്മാരും ചരിത്രകാരന്മാരും ഈ വാസ്തവത്തെ ബലമായി അനുകൂലിക്കുന്നു.

ഇതിനെ നിഷേധിപ്പാനും സംശയഗ്രസ്തമായി പരിത്യജിപ്പാനും ആരംഭിച്ചതു ൧൬-ാം ശതാബ്ദത്തിൽ ആവിർഭവിച്ച മതവിപ്ലവകാരികളായ പ്രൊട്ടസ്റ്റൻറുകാരാണ്. മാൎപ്പാപ്പാമാരുടെ പരമാധികാരമെന്ന അജയ്യമായ കോട്ടയെ തകൎക്കുന്നതിനു അവരുടെ ന്യായനിൎമ്മാണശാലയിൽ നിന്നു ഒരു വൻതരം പീരങ്കിയായിട്ടു വാൎത്തു പുറത്തിറക്കിയ ഒരു ആയുധമാണ് പ്രസ്തുത വാദം. "പത്രോസ് റോമയിൽ സഭാഭരണം നിൎവ്വഹിച്ചു എന്നതിനു വിശ്വാസയോഗ്യമായ രേഖകൾ ഇല്ല; അതു വെറും ഊഹാധിഷ്ഠിതമാണ്" എന്നൊക്കെയാണു ഷെറെഫേർ, ലിററിൽഡെയിൽ പ്രഭൃതികളായ "ചരിത്ര"കാരന്മാർ ശഠിക്കുന്നതു്. ഇവിടെ ഒരുകാൎയ്യം പ്രത്യേകം ശ്രദ്ധേയമായുണ്ട്. പ്രസ്തുത ചരിത്രകാരന്മാർ, ഉള്ള രേഖകളുടെ വിശ്വാസ്യതയെ അംഗീകരിക്കുന്നില്ലായെന്നല്ലാതെ പുതിയ വാദത്തെ സ്ഥാപിക്കുന്നതിനു ബലമുള്ള ന്യായങ്ങളെ കൊണ്ടുവരുന്നില്ല. ഈ പുതിയ അഭിപ്രായത്തെ ആപാദമസ്തകം ഖണ്ഡിക്കുന്നതിനു കത്തോലിക്കചരിത്രകാരന്മാരെ ആശ്രയിക്കേണമെന്നില്ല. നിൎമ്മത്സരബുദ്ധികളും നിഷ്പക്ഷവാദികളുമായ പ്രൊട്ടസ്റ്റൻറു ചരിത്രവിശാരദന്മാർ തങ്ങളുടെ സഹോദരങ്ങളുടെ ഈ ജല്പനങ്ങളെ നിശ്ശേഷം നിരാകരിക്കുന്നുണ്ട്. ഉദാഹരണമായി, ൧൮൮൯-ൽ ഹാംബൎഗ്ഗിൽ വച്ചു നടന്ന "സൊസൈററി ഓഫ് ആർട്ട്സ് ആൻഡ് സയൻസസ്" (Society of Arts and Sciences) എന്ന സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഹർണാക്ക് (Harnack) എന്ന പ്രൊട്ടസ്റ്റൻറു ചരിത്രകോവിദൻ ചെയ്ത ഒരു പ്രസംഗമദ്ധ്യേ, വി. പത്രോസ് റോമയിൽവച്ചു നിൎയ്യാതനായി എന്നതു അനിഷേധ്യമായ ഒരു ചരിത്രസംഭവമാണെന്നു പ്രസ്താവിച്ചിരിക്കുന്നു. പ്രൊഫസ്സർ ഹാർണാക്കിൻെറ വാക്കുകളെ തന്നെ ഇവിടെ ഉദ്ധരിക്കാം. "തങ്ങളുടെ വാദത്തെ ദൃഢമാക്കുവാൻവേണ്ടി, വി. പത്രോസ് റോമയിൽ വച്ചു രക്തസാക്ഷിയായി മരിച്ചു എന്ന വാസ്തവത്തെ ആദ്യമായി നിഷേധിച്ചതു പ്രൊട്ടസ്റ്റൻറുകാരാണ്!. ഇവരെ അനുഗമിച്ചു "ഉന്നത വിമൎശകന്മാർ" (Higher Critics) എന്ന അഭിധാനത്തിൽ അറിയപ്പെടുന്ന പക്ഷവാദികൾ രണ്ടാമതായി പുറപ്പെട്ടു. ബറൂർ പ്രഭൃതികളായ ഗ്രന്ഥകാരന്മാർ പൂൎവ്വപാരമ്പൎയ്യത്തിനെതിരായി അണിനിരത്തിയ യുക്തിവ്യൂഹങ്ങൾ ഇന്നു ഒരു നിലയും വിലയുമില്ലാത്തവയായി ത്യാജ്യകോടിയിൽ കിടക്കുന്നു." പ്രൊഫസ്സർ ഹർണാക്ക് വീണ്ടും ൧൯൦൭-ൽ ജൎമ്മൻ ചക്രവൎത്തിയുടെ ജന്മനക്ഷത്രാഘോഷാവസരത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ, "പത്രോസ് റോമയിൽ പോയി താമസിച്ചു, അവിടെ വച്ചുതന്നെ മരിച്ചു എന്നുള്ള അനിഷേധ്യങ്ങളായ ചരിത്രരേഖകളാൽ സുസ്ഥാപിതമായ ഒരു ചരിത്രസംഭവമാണു" എന്നു പറഞ്ഞിരിക്കുന്നു. ഷേ്ട്രായെക്ക എന്ന പ്രൊട്ടസ്റ്റൻറു ചരിത്രകാരൻ പറയുന്നതായതു്. "പ്രൊട്ടസ്റ്റൻറുകാരായ ചില ചരിത്ര പ്രവീണ

ന്മാർ റോമാസഭയുമായുണ്ടായ തൎക്കത്തിന്റെ ചൂടു നിമിത്തം പത്രോസ് ഒരിക്കലും റോമയിൽ പോയിട്ടില്ലെന്നു വാദിച്ചിട്ടുണ്ടു്. എങ്കിലും ആദിമക്രിസ്തീയ ഗ്രന്ഥകൎത്താക്കൾ ഇതുപോലെ ഏകസ്വരത്തിൽ സാക്ഷ്യം വഹിച്ചിട്ടുള്ള ഇതരസംഭവം കാണുന്നില്ല." വിശ്വവിശ്രുതനായ ലെയിബ്നിററ്സ് എന്ന പ്രോട്ടസ്റ്റന്റു പണ്ഡിതവൎയ്യന്റെ വാക്കുകൾ കേട്ടാലും: "ലോകത്തിന്റെ കേന്ദ്രസ്ഥാനമായിരുന്ന റോമാപ്പട്ടണത്തിൽ പത്രോസ്, സഭയെ സ്ഥാപിച്ചു ഭരിച്ചിരുന്നുവെന്നും, അയാൾ അവിടെത്തന്നെ മരിച്ചെന്നും, അയാളുടെ പിൻഗാമി അവിടെയാണു നിയമിതനായതെന്നും പ്രാചീന ഗ്രന്ഥകൎത്താക്കൾ ഐകകണ്ഠ്യേന സമ്മതിക്കുന്നു." ഇങ്ങനെ പുരാതനന്മാരും ഇദാനീന്തനന്മാരുമായ പലേ പ്രോട്ടസ്റ്റന്റു ചരിത്രകാരന്മാർ കൂടിയും അസന്ദിഗ്ധമായി സാക്ഷ്യം വഹിക്കുന്ന ഈ സംഭവത്തെ വിശ്വസിക്കുന്നതിൽ തെല്ലും അബദ്ധമില്ല മാത്രമല്ലാ, പത്രോസെന്ന പാറമേൽ പണിചെയ്യിരിക്കുന്ന റോമാത്തിരുസഭയിലെ അംഗമാകുന്നതിനുള്ള മനോഗുണം വിശുദ്ധ പത്രോസുതന്നെ സ്വനാഥനായ മ്ശിഹായോടു അപേക്ഷിച്ചു നിങ്ങൾക്കു തരുവിക്കുന്നതിനു് ഞങ്ങളോടുകൂടി 'കുസുമ'വായനക്കാരും കൎത്താവിന്റെ തിരുഹൃദയത്തോടു പ്രാൎത്ഥിക്കാതിരിക്കയില്ലെന്നു, ഞങ്ങളിൽ നിന്നു നിർഭാഗ്യവശാൽ പിരിഞ്ഞുപോയ ഞങ്ങളുടെ ചോദ്യകാരനോടും മററു യാക്കോബായ സഹോദരങ്ങളോടും പ്രസ്താവിച്ചുകൊള്ളട്ടെ.

## തിരുഹൃദയഭക്തന്മാർ ൧൯൧൯ മിഥുനമാസത്തിൽ വെക്കേണ്ടിയ പൊതുനിയോഗം.

### "തിരുഹൃദയത്തിന്നു" ചെയ്യേണ്ട കുടുംബപ്രതിഷ്ഠ.



നമ്മുടെ കൎത്താവീശോമ്ശിഹാ 'അമ്മാനുവേൽ' എന്നു വിളിക്കപ്പെടുന്നു. 'അമ്മാനുവേൽ' എന്ന നാമത്തിന്റെ അൎത്ഥം "ദൈവം നമ്മോടുകൂടെ" എന്നാകുന്നു. മാനുഷാവതാരം വഴിയായി താൻ നമ്മിൽ "കുടി"യിരിക്കയും നമ്മിൽ ഒരുത്തനായി തീരുകയും ചെയ്തു. തന്റെ തിരുമരണത്തിന്റെ ശേഷവും ലോകാവസാനം വരെ നമ്മോടു ഒന്നിച്ചിരിപ്പാനും ഓരോ മനുഷ്യനോടും കൂദാശക്കടുത്ത വിധത്തിൽ ഐക്യപ്പെടുവാനും ആഗ്രഹിച്ചുകൊണ്ടു പരിശുദ്ധ കുൎബ്ബാനയെ സ്ഥാപിച്ചു. മനുഷ്യരോടു കൂടെയിരിക്കുന്നതു തന്റെ സന്തോഷമാകുന്നു എന്നു് അറിക്കയും സകലരെയും തന്റെ സ്നേഹത്തിലേക്കു ആകൎഷിക്കയും ചെയ്യുന്നു. കൃപയുള്ള രക്ഷിതാവു് വി. മർഗരീത്താ മറിയം അലക്കൊക്കു് എന്ന പുണ്യവതിയോടു ചെയ്ത ൧൨ പ്രതിജ്ഞകളിൽ ഒന്നു് തന്റെ തിരുഹൃദയച്ഛായ സ്ഥാപിക്കുന്ന കുടുംബങ്ങളെ താൻ പ്രത്യേകമായ വിധത്തിൽ ആശീൎവ്വദിക്കുമെന്നുള്ളതാണു്. ഇതിന്റെ ഹേതു സകല ക്രിസ്തീയ കുടുംബങ്ങളോടും അതുകളിലെ സകല അംഗങ്ങളോടും ഐക്യപ്പെടണമെന്നു തനിക്കുള്ള അതിരററ സ്നേഹമാണു്. നമുക്കു നിത്യായുസ്സു ലഭിക്കണമെങ്കിൽ, മുന്തിരിത്തണ്ടിനോടു ശിഖരങ്ങൾ ചേൎന്നിരിക്കുന്നതുപോലെ നാമെല്ലാവരും നമ്മുടെ കൎത്താവിനോടു ചേൎന്നിരുപ്പാനാവശ്യമാകുന്നു. അങ്ങേയുടെ തിരുവചനങ്ങൾ തന്നെ കേട്ടാലും. "ഞാൻ മുന്തിരിവള്ളിയും നിങ്ങ

ൾ ശിഖരങ്ങളും ആകുന്നു; യാതൊരുത്തൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ, അവൻ വളരെ ഫലംതരും; എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ പാടില്ല" (യോഹന്നാൻ ൧൫. ൫.) ആ സ്ഥിതിക്കു നാമെല്ലാവരും ജീവനുള്ള മുന്തിരിവള്ളി ആയ നമ്മുടെ കർത്താവിനോടു ചേർന്നിരുപ്പാൻ അത്യന്ത താല്പര്യം വെയ്ക്കേണ്ടിയിരിക്കുന്നു. കുടുംബത്തിൽ നമ്മുടെ കർത്താവിന്റെ തിരുഹൃദയഛായ സ്ഥാപിക്കയും, കുടുംബത്തെ തിരുഹൃദയത്തിന്നു പ്രതിഷ്ഠിക്കയും ചെയ്യുന്നതു പ്രസ്താവിതൈക്യമുണ്ടാകുന്നതിന്നു വളരെ സഹായിക്കുന്ന ഒരു മാർഗ്ഗമാണ്. ഭൂമിയിൽ തന്റെ പ്രതിനിധിയായ മാർപ്പാപ്പാ വഴിയായി ഈ ഭക്തി നടത്തുവാൻ ആവശ്യപ്പെടുന്നതു നമ്മുടെ കർത്താവു തന്നെയാണെന്നു നാം വിചാരിക്കണം. ആകയാൽ തിരുഹൃദയഭക്തന്മാരൊക്കെയും തങ്ങളുടെ കുടുംബങ്ങളെ തിരുഹൃദയത്തിന്നു പ്രതിഷ്ഠ കഴിക്കയും, മററുള്ളവരും ഈ സൽപ്രവൃത്തി ചെയ്യുന്നതിനു വേണ്ടപോലെ ഉത്സാഹിക്കയും പ്രാർത്ഥിക്കയുംവേണം.

## പ്രസാധകക്കുറിപ്പുകളും വർത്തമാനങ്ങളും

കർമ്മലകുസുമം പത്രാധിപർ അവർകൾക്ക്

സർ,



അന്തോനീസ് പുണ്യവാന്റെ മാദ്ധ്യസ്ഥ്യം പലപ്പോഴും തക്കമെന്ന്യേ ഫലപ്രദമാണെന്നു എന്റെ സഹപാഠികളിൽ ചിലരിൽ നിന്നു് ഞാൻ കേട്ടിരുന്നു. ഇപ്പോൾ ഈ വിശുദ്ധന്റെ സഹായം സിദ്ധിക്കുന്നതിന് എനിക്കു ഇടയായിരിക്കുന്നു. ഒന്നും രണ്ടും ടേറങ്ങളിലെ പരീക്ഷകളിൽ ഞാൻ തോററുപോയതുകൊണ്ടു ഈ വഷത്തിൽ ക്ലാസുകയററം കിട്ടുന്നകാര്യം സംശയസ്ഥാനത്തായി. ജയിച്ചില്ലെങ്കിൽ മേലിൽ പഠിക്കുന്നതിനു അനുവദിക്കയില്ലെന്നു അപ്പൻ ഭയപ്പെടുത്തുകയും ചെയ്തു. ഈ തരുണത്തിൽ വിശുദ്ധ അന്തോനീസിനോട് ഹൃദയപൂർവ്വം പ്രാർത്ഥിക്കയും വിവരം 'കുസുമ'ത്തിൽ പ്രസിദ്ധം ചെയ്യാമെന്നു നേരുകയും ചെയ്തു. ഈ സംഗതികളാരും അറിഞ്ഞിരുന്നില്ല. എനിക്കു 'പ്രൊമോഷൻ' കിട്ടുമെന്നു ഒരുത്തരും ഊഹിച്ചിരുന്നുമില്ല. ഇളവു കഴിഞ്ഞു പരീക്ഷയിൽ ജയിച്ചവരുടെ നാമധേയ വിവരപ്പട്ടിക വായിച്ചപ്പോൾ എന്റെ പേരും ഉൾപ്പെട്ടിരുന്നു! എന്റെ കൃതജ്ഞതയെ ഞാനെങ്ങനെ പ്രദശിപ്പിക്കണമെന്നു എനിക്കറിഞ്ഞുകൂടാ. ഈ സംഭവം അടുത്ത 'കുസുമ'ത്തിൽ ചേർത്തു കാണ്മാനപേക്ഷ. (കെ. ഏററുമാനൂർ)

* * *

ഇക്കഴിഞ്ഞ യുദ്ധത്തിൽ നശിക്കപ്പെട്ട കപ്പലുകളുടെ സംഖ്യ സീമാതീതമാണല്ലൊ. കടലിൽ മുങ്ങിപ്പോയ കപ്പലുകളെ വീണ്ടെടുക്കുന്നതിനായിട്ടു ഇംഗ്ലണ്ടിൽ ഒരു കമ്മട്ടി ഏപ്പെടുത്തപ്പെട്ടിരുന്നു. ഇവരുടെ നിരന്തരപരിശ്രമത്തിന്റെ ഫലമായി ഇപ്പോൾ ൨൫൦ കപ്പലുകൾ പൊക്കി എടുത്തിരിക്കുന്നു.

* * *

ഫ്രാൻസിൽ യഹൂദന്മാർ കൂടിയും തിരുഹൃദയത്തിന്റെ ഛായ ധരിച്ചു വരുന്നു. മ്ശിഹായുടെ ദിവ്യതയിൽ വിശ്വാസമില്ലെങ്കിലും തിരുഹൃദത്തിന്റെ കാരുണ്യാധിക്യത്തിൽ അവക്കു സംശയമില്ല!

* * *

വരാപ്പുഴ അതിരൂപതയിലെ പുതിയ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സ്വന്തമായി ഒരു പത്രിക പുറപ്പെടുവിക്കുവാൻ നശ്ചയിച്ചിരിക്കുന്നതായി അറിയുന്നു. രൂപതക്കച്ചേരിയിലെ വിധികളും തിരുമനസ്സിലെ കല്പനകളും മേലിൽ അതിലായിരിക്കും പ്രസിദ്ധപ്പെടുത്തുന്നതു്.

ഇൻഡ്യാ ഒട്ടുക്ക് ഒരു കത്തോലിക്കാ തത്വസംഘം ഇപ്പോൾ ഏൎപ്പെടുത്തിക്കഴിഞ്ഞല്ലൊ. പ്രസ്തുത സംഘത്തിലെ ലഘുലേഖകൾ ആംഗ്ലേയഭാഷയിലായിരിക്കുന്നതുകൊണ്ട്, മലയാളഭാഷമാത്രം പഠിച്ചിട്ടുള്ളവൎക്കുവേണ്ടി ഒരു "കേരളീയകത്തോലിക്കാ തത്വസംഘം" ഉടനെ ആരംഭിക്കേണ്ടതാണെന്ന് ഇൻഡ്യൻസംഘത്തിന്റെ ആരംഭപ്രവൎത്തകന്മാരിലൊരാളും മംഗലാപുരം ശാഖയുടെ ഓണററി സെക്രട്ടറിയുമായ പ്രൊഫസർ മിസ്റ്റർ സി. ജെ. വൎക്കി എം ഏ (ഓണേഴ്സ്) ഞങ്ങളുടെ മാന്യ സഹജീവിയായ "കത്തോലിക്കാദൂതനിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്നു.

* * *

ഞങ്ങളുടെ സ്നേഹിതനായ ഒരു വൈദികൻ ഇപ്രകാരം എഴുതിയിരിക്കുന്നു:— "വെൎണാക്കലർ ഹൈയ്യർ സ്ക്കൂൾ ഒന്നാം അസിസ്റ്റൻറിന്റെ പ്രവൃത്തി ശ്ലാഘനീയവും അനുകരണീയവുമായിരിക്കുന്നു. കത്തോലിക്കാ തിരുസഭയോട് അനുകൂല്യമുള്ള ഏതെങ്കിലും ഒരു കത്തോലിക്കേതരനു ഒരു വൎഷത്തേക്കു "കുസുമം" സൌജന്യമായി അയപ്പാറാകണം. വരിസംഖ്യ അയക്കുന്നു".

* * *

വേറൊരു വൈദികൻ എഴുതുന്നതു്:— "നമ്മുടെ സഹോദരന്മാരായ" പുത്തൻകൂറ്റുകാരിൽ പ്രധാനിയായ ആൎക്കെങ്കിലും 'കൎമ്മേലകുസുമം' ഒരു വത്സരത്തേക്കു പാരിതോഷികമായി അയച്ചുകൊടുക്കുന്നതിനുള്ള ഒരു രൂപാ ഇതാ അയക്കുന്നു.

* * *

യാക്കോബായ സഹോദരങ്ങളുടെ ഇടയിൽ കുസുമം പ്രചരിച്ചുവരുന്നുണ്ടെന്നു കേൾക്കുന്നതു് സത്യമതപ്രചാരണതല്പരന്മാൎക്കു സന്തോഷാവഹമായിരിക്കുമല്ലൊ. എങ്കിലും ഇപ്പോഴുള്ള യാക്കോബ്യവരിക്കാരുടെ സംഖ്യ വൎദ്ധിപ്പിക്കുന്നതിനു കത്തോലിക്കരിനിയും ശ്രമിക്കേണ്ടതാണു. 'കുസുമം' വായിക്കണമെന്നു താല്പൎയ്യമുള്ളവർ, അവരുടെ ഇടയിൽ ധാരാളമുള്ളതായി ഇവിടെ അറിയാം. നേരിട്ടു അപേക്ഷിക്കുന്നവൎക്കു മാസിക അയച്ചുവരുന്നുണ്ട്. ധൎമ്മിഷ്ഠന്മാരായ കത്തോലിക്കരുടെ ശ്രദ്ധ ഈ വിഷയത്തിലും പതിയാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

* * *

'കുസുമ'ത്തിന്റെ സ്ഥിരം വരിക്കാരെ വൎദ്ധിപ്പിക്കുന്നതിലേക്കു വേണ്ട ഒത്താശകളെല്ലാം ചെയ്യുന്നതിനു ഞങ്ങൾ കഴിഞ്ഞ കുറി, മാസികയുടെ അഭ്യുദയകാംക്ഷികളെ ക്ഷണിച്ചിരുന്നല്ലൊ. തൽഫലമായി അഞ്ഞൂറോളം വരിക്കാർ നവമായി ചേരുകയുണ്ടായി. കൂടാതെയും രണ്ടു കത്തോലിക്കാ വക്കീലന്മാർ നൂറുനൂറു വരിക്കാരെ ചേൎത്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. കുസുമപ്രോത്സാഹകന്മാരുടെ സല്പരിശ്രമങ്ങൾ പൂൎവ്വാധികം ഫലവത്തായിപ്പരിണമിക്കുന്നതിന് തിരുഹൃദയവും കന്യകമറിയവും സഹായിക്കട്ടെ.

* * *

ഇക്കഴിഞ്ഞ എടവമാസം ൯-ാംനു- വൈശ്യൻപാക്കൽപള്ളി വികാരി ബ വട്ടക്കളത്തിൽ ഗീവറുഗീസച്ചന്റെ അദ്ധ്യക്ഷത്തിൽ "ലത്തീൻ കത്തോലിക്കാ യുവജനസമാജം" എന്ന പേരിൽ ഒരു പുതിയ സംഘം ആരംഭിച്ചിരിക്കുന്നു എന്നും യോഗത്തിന്റെ ആഭിമുഖ്യത്തിൽ ഞായറാഴ്ചതോറും മൂന്നു മണിക്കൂർ നേരത്തേക്കു വേദപഠനമുണ്ടായിരിക്കുന്നതാണെന്നും സെക്രട്ടറിമാർ ഞങ്ങളെ അറിയിച്ചിരിക്കുന്നു.

* * *

കൊച്ചി ഞാറയ്ക്കൽ നടുപത്തുശ്ശേരി കുടുംബത്തിലെ ഒരംഗമായ മിസ്റ്റർ ജേ. ജോസഫ്, ബി. ഇ. എന്ന ഉൽകൃഷ്ട പരീക്ഷയിൽ ബഹുമതിയോടുകൂടി ഒന്നാമനായി വിജയിയായതിൽ ഞങ്ങൾ സന്തോഷിക്കയും സൽസ്വഭാവിയായ പ്രസ്തുത കത്തോലിക്കാ യുവാവിനെ ഹൃദയപൂൎവ്വം അഭിനന്ദിക്കയും ചെയ്യുന്നു.

* * *

കാഞ്ഞിരക്കോട്ടു സൻ ഫ്രാൻസീസ്സു് മൂ. സ. കന്യാസ്ത്രീയായ ഫ്ലോമെന സഹോദരി മേമാസം ൨൦-ാംനു- ശനിയാഴ്ച രാത്രി എട്ടരമണിക്കു ന്യുമോണിയാ ദീനത്താൽ തന്റെ ൨൩-ാമത്തെ വയസ്സിൽ അന്തിമക്രിയാശകളൊക്കയും കൈക്കൊണ്ടു ഭക്തിപുരസ്സരം തന്റെ ദിവ്യമണവാളനിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം . ഒ ——— എപ്പകത്തി ൨൮.

**൧൯൧൯ ജൂൺ — ൯൪ ഇട-മിഥുനം.** ന. ക. തിരുഹൃദയവണക്കം.

| | | | | |
|---|---|---|---|---|
| 1 | 18 | ഞ | ✠ ന ക. ഉയിപ്പ് സാംഞാ. ന. കു. ആ. [illegible] | വെ. |
| 2 | 19 | തി | സഹദേന്മാർ. മർസ്സിനോസും കൂട്ടരും ന. ആ കു. പെ. | ചു. |
| | | | ജോർജ്ജ് ചക്രവർത്തിയുടെ ജന്മനക്ഷത്രം. 1865. | |
| 3 | 20 | ചൊ | † ക. മഗ്ദലൈത്താ ദെപാസിസ് (ഇട. ൨൧) ന. ആ.കു. പെ. | വെ.. |
| 4 | 21 | ബു | † മൌദി. പ്രംസിസ്സോസ റൊക്കിയൊളാ ന. ആ. കു. പെ. | വെ. |
| 5 | 22 | വ്യ | † സഹദാ.ബൊനിഫാസി. അപ്പസ്സോപ്പാ. ന. ആ. കു. പെ. | ചു. |
| 6 | 23 | വെ | † മൌദി. നറ്ബേത്തോസ്. അപ്പസ്സോപ്പാ ന. ആ. കു. പെ. | വെ. |
| | | | മാസത്തിൻെറ ഒന്നാം വെള്ളിയാഴ്ച തിരുഹൃദയഭക്തി. പൂർണ്ണ ദ വി. | |
| 7 | 24 | ശ | പന്തക്കുസ്താ. തലെനാൾ ന. ആ. കു. തലേനാൾ. ... | റോ. |
| 8 | 25 | ഞ | ✠ പന്ത. ഞാ. എട്ടു ദി. ന. കു. പെ. [illegible] | ചു. |
| | | | കമ്മ. ഉത്ഥ്യസ. അമ. സഭ. പൂർണ്ണ ദ. വി. | |
| | | | മുട്ടുചിറപ്പള്ളിയിൽ റൂഹാദ്ക്കുദശായുടെ തിരുനാളാഘോഷം. | |
| 9 | 26 | തി | (✠) എം. ന. കു. ആ. ... ... ... ... | ചു. |
| 10 | 27 | ചൊ | (✠) എം. ന. കു. ആ. (കമ്മ. സഭ. പൂർണ്ണദ. വി ) ... | ചു. |
| 11 | 28 | ബു | എം. ന. കു. ആ. ഇറച്ചിവിലക്ക്. പട്ടം. ... | ചു. |
| 12 | 29 | വ്യ | എം. ന. കു. ആ. ... ... ... ... | ചു. |
| 13 | 30 ● | വെ | എം. ന. കു. ആ. പട്ടം. ... ... ... ... | ചു. |
| 14 | 31 | ശ | എം. ന. കു. എം. പട്ടം. ... ... ... | ചു. |
| | | | ഇന്നുവൈകിട്ടു "പരലോകരാജ്ഞി"ക്ക് പകരം "ക. മാലാകാ" തുടങ്ങുന്നു. | |
| 15 | 1 | ഞ | ✠ പന്ത ഗാംഞാ ശ്ലൂ.ത്രിത്വ. തിരു. ന. കു. ആ. [illegible] | വെ. |
| 16 | 2 | തി | മൌദി. യോഹന്നാൻ പ്രംസിസ്സോസ് ന. ആ കു പെ. | വെ. |
| 17 | 3 | ചൊ | വി. മഗ്ദ്രീ. എസ്സോത്തിയാരാജ്ഞി (ഇട. ൧൦) ന. ആ കു. പെ. | വെ. |
| 18 | 4 | ബു | സഹദെ. വി. മർക്കോസും കൂട്ടരും ന. ആ. കു. പെ. ... | ചു. |
| | | | ന. ക. തിരുഹൃദയ. നവനാൾ തുടങ്ങുന്നു. | |
| 19 | 5 | വ്യ | ✠ ശ്ലൂ. കുർബാനയുടെ തിരുനാൾ ന. കു പെ. .. | വെ. |
| 20 | 6 | വെ | എം. ന. ക പെ. ... ... ... ... | വെ. |
| 21 | 7 | ശ | എം. ന. കു. പെ. വി. മൌദി. ളൂയിസ് ഗൊൻസാഗാ. | വെ. |
| | | | എർണാകുളം വി. അ. മാർ ളൂയിസ് മെത്രാ. നാമകാരണ തിരുനാൾ. | |
| 22 | 8 | ഞ | ✠ പന്തെക്കുസ്താ ൨-ാം ഞായറാഴ്ച ന. കു. ആ. [illegible] | വെ. |
| 23 | 9 | തി | എം. ന. കു. പെ. (ഇറച്ചിവിലക്ക്. ... ... | വെ. |
| 24 | 10 | ചൊ | (✠)വി. യോഹ. മാംദാനയുടെ പിറവി തിരുനാൾ ന. കു. പെ. | വെ. |
| | | | വടകര പള്ളിയിൽ ഈ വിശുദ്ധൻെറ തിരുനാളാഘോഷം. | |
| | | | തിശ്ശിവപേരൂർ വി. അ. മാർ യോഹന്നാൻ മെത്രാ. നാമകാരണതിരുനാൾ | |
| 25 | 11 | ബു | എം ന. കു. പെ. ... ... ... ... | വെ. |
| 26 | 12 | വ്യാ | ശ്ലൂ. കുർബാനയുടെ എട്ടാമിടം. ന. കു. പെ. ... | വെ. |
| 27 | 13 ● | വെ | † ഈശോമ്ശി. തിരുഹൃ. തിരുനാൾ ന.കു പെ. (പൂർണ്ണദ. വി. ) | വെ. |
| 28 | 14 | ശ | വി. പത്രോ. പൌലോ. ശ്ലീഹ. തിരു തലെ ന ആ. കു. തലെ. | റോ. |
| 29 | 15 | ഞ | ✠ പന്തക്കുസ്ത. ൩-ാം ഞായറാഴ്ച വി. പത്രോസ് പൌലോസ് ശ്ലീഹാന്മാരുടെ തിരുനാൾ ന. കു. പെ. [illegible] | ചു. |
| | | | എലഞ്ഞി പള്ളിയിൽ ദർശനതിരുനാൾ | |
| 30 | 16 | തി | വി. പൌലോസ് ശ്ലീഹായുടെ തിരുനാൾ. ന. കു. പെ. | ചു. |

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam. 1919.

# വില്പാൻ തയ്യാർ.

൧൦"×൧൪", ൧൬"×൨൨" ഈ വലിപ്പങ്ങളിൽ യൂറോപ്പിൽനിന്നും പ്രത്യേകം വരുത്തിയിട്ടുള്ള നാനാവൎണ്ണങ്ങളോടുകൂടിയ നമ്മുടെ കൎത്താവിൻെറ തിരുഹൃദയ പടങ്ങൾ വില്ക്കുവാനുണ്ടു്. പടങ്ങളുടെ മുകൾഭാഗത്തു് ഏററവും ഫലപ്രാപ്തിയുള്ള ദണ്ഡവിമോചനജപവും മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതാകുന്നു. ചെറുതിനു ൩-ം, വലുതിനു ൬-ം അണയാണു് വില.

സൂപ്രണ്ടു്,

സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

# പരസ്യം.

എൻെറ വൈദ്യശാലയിൽ കഷായങ്ങൾ, ഗുളികകൾ, നെയ്യുകൾ തൈലങ്ങൾ, എണ്ണുകൾ, ലേഹ്യങ്ങൾ, ആസവങ്ങൾ, അരിഷ്ടങ്ങൾ മുതലായവ മിതമായ വിലയ്ക്കു് സ്ഥലത്തും, ദൂരസ്ഥന്മാൎക്കു വി. പി. ആയും അയച്ചു കൊടുക്കപ്പെടും. മരുന്നുകൾ വളരെ വിശ്വാസമായിട്ടും നിഷ്കൃഷ്ടമായിട്ടും തയ്യാറാക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾ മാനേജരോടു എഴുതി ചോദിച്ചാൽ ഉടൻ മറുപടി കൊടുക്കപ്പെടും.

മാനേജർ,

സെൻറ് ആൻറണിസ് ഔഷധശാല.

കരത്തുറ, ചവറ.


## പരസ്യക്കൂലി വിവരം

| ഒരു പെയ്ജിനു | ക. | ണ. | പൈ. | ഒരു പെയ്ജിനു | ക. | ണ. | പൈ. |
|---|---|---|---|---|---|---|---|
| ,, ഒരു കൊല്ലത്തേക്കു | 30 | 0 | 0 | ,, മൂന്നു മാസത്തേക്കു. | 10 | 0 | 0 |
| ,, ആറു മാസത്തേക്കു. | 17 | 8 | 0 | ,, ഒരു മാസത്തേക്കു | 4 | 0 | 0 |

പ്രത്യേക പരസ്യങ്ങൾക്കു അപ്പഴപ്പോൾ കൂലി നിശ്ചയിക്കുന്നതായിരിക്കും. പണം മുൻകൂറു കിട്ടാതെ യാതൊരു പരസ്യവും സ്വീകരിക്കപ്പെടുന്നതല്ല.

Registered No. T. 2.

'കുസുമ'ലേഖകന്മാരും വരിക്കാരും അറിഞ്ഞിരിക്കേണ്ട

# ചില സംഗതികൾ.

൧. വരികൾ തീരെ അടുക്കാതെ, കടലാസിന്റെ ഒരുപുറത്തു വൃത്തിയായി ലേഖനങ്ങളെഴുതുക.

൨. ഒന്നോ, കൂടിയാൽ രണ്ടോ ലേഖനംകൊണ്ടു വിഷയം [illegible]ക്കുന്നതിനു കഴിയുന്നത്ര ശ്രമിക്കുക.

൩. ലേഖകന്മാരുടെ മേൽവിലാസം ശരിയായി കാണിക്കുക.

൪. മറുപടിക്കാവശ്യമുള്ളവർ എഴുത്തോടുകൂടി സ്റ്റാമ്പു് അടക്കം ചെയ്തിരിക്കേണ്ടതാണ്. തിരുവിതാംകൂറിനു പുറമേയുള്ളവർ അരയണ സ്റ്റാമ്പു് അയക്കേണ്ടിയിരിക്കുന്നു.

൫. വിഷയഗൌരവവും രചനാരീതിയും ഔചിത്യവും അനുസരിച്ചേ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു നിവൃത്തിയുള്ളു. അതുകൊണ്ടു ചില ലേഖനങ്ങൾ സൌകര്യംപോലെ താമസിച്ചു പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

൬. ലേഖനങ്ങൾ "പത്രാധിപ"രുടെ മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

☞ ൭. മെയിലക്കത്തോടെ മാസിക വി. പി. ചുമത്തി അയക്കുന്നതിനു സമ്മതിച്ചിരുന്നവരിൽ ചിലർ "മാസിക ആവശ്യമില്ലെന്നു" പറയുന്നതായി അഞ്ചൽശിപായികൾ എഴുതി അയക്കുന്നു. ഇതു സാക്ഷാൽ വരിക്കാരുടെ അറിവോടുകൂടിയാണോയെന്നു ബലമായി സംശയമുണ്ടു്. വി. പി. മടങ്ങിയ ആളുകൾക്കു വീണ്ടും മാസിക അയക്കുന്നതിനു വൈമനസ്യവുമാണ്. അതുകൊണ്ടു മെയിലക്കം കിട്ടാത്തവർ വീണ്ടും മാസികയ്ക്കു് ആവശ്യപ്പെടേണ്ടിയിരിക്കുന്നു. പണമടച്ചിട്ടുള്ളവർക്കൊക്കെ മുറയ്ക്കു് മാസിക ഇവിടെനിന്നും അയക്കുന്നുണ്ടു്. അഞ്ചൽശിപായിമാരുടെ തകരാറുകൾകൊണ്ടു പിശകുകൾ സംഭവിക്കുന്നതായി ഇവിടെ അറിയാം. അഞ്ചലാപ്പീസിൽനിന്നും വളരെ ദൂരെത്താമസിക്കുന്നവർ അതതുമാസത്തിലെ ആദ്യ ആഴ്ചയിൽ 'കുസുമം' കിട്ടിയില്ലെങ്കിൽ അഞ്ചലാഫീസിൽത്തന്നെ വേണ്ട അന്വേഷണം നടത്തിയാൽ നിവൃത്തിയുണ്ടാകാതിരിക്കയില്ല.

൮. ഇപ്പോൾ ആറു ലക്കങ്ങൾ പുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനിയും പണമയക്കാത്ത പലേ വരിക്കാരുമുണ്ടു്. ഈ ലക്കംമുതൽ ഇനി പലക്കും അരരൂപയെങ്കിലും ചുമത്തി വി. പി. അയക്കാതെ നിവൃത്തിയില്ല.

൯. വി. പി. സ്വീകരിക്കാൻ സൌകര്യമില്ലാത്തവർ വിവരം അറിയിക്കയോ, പണം മണിഓർഡർ അയക്കയോ ചെയ്യേണ്ടതാണ്.

൧൦. പണമിടപെട്ട എഴുത്തുകളും മാസികയ്ക്കുള്ള അപേക്ഷകളും, മാസിക കിട്ടാഞ്ഞാലുള്ള പരാതികളും "മാനേജ"രുടെ മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

കർമ്മെലകുസുമം മാനേജർ
മാന്നാനം, തിരുവിതാംകൂർ.